# പതിനാറാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2026 ജൂലൈ 01, ബുധൻ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--263]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 1416 മുതൽ 1525 വരെ |
| ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി | : 1526 മുതൽ 1600 വരെ |
| ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി | : 1601 മുതൽ 1621 വരെ |
| തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | : 1622 മുതൽ 1678 വരെ |

**ജീവനക്കാരുടെ സ്ഥലം മാറ്റം**

1416 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപേക്ഷയുടെ അടിസ്ഥാനത്തിൽ അല്ലാതെ എത്ര ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ?

**ജീവനക്കാരുടെ ശമ്പള കുടിശ്ശികയും വിവിധ ആനുകൂല്യങ്ങളും**

1417 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ- പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കോ തനത് ഫണ്ടിൽ നിന്നോ സർക്കാർ ഗ്രാന്റിൽ നിന്നോ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്കോ മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാർക്കോ ശമ്പള കുടിശ്ശിക ഉണ്ടായിരുന്നോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ, കുടിശ്ശിക സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങളും അവകാശങ്ങളും ഹനിക്കപ്പെട്ടത് പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും അവരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുവാനും പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ജീവനക്കാർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള മാനദണ്ഡങ്ങൾ

1418 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥ എന്തൊണന്ന് വ്യക്തമാക്കാമോ;

(ബി) 31.05.2026 ൽ പ്രസ്തുത തസ്തികയിൽ ഉണ്ടായ ഒഴിവിൽ സ്പെഷ്യൽ റൂളിലെ വ്യവസ്ഥ പ്രകാരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് വ്യക്തമായ വ്യവസ്ഥ ഉണ്ടെന്നിരിക്കെ ഡെപ്യൂട്ടി സൂപ്രണ്ടിന് അധിക ചുമതല നൽകാൻ ഇടയായ സാഹചര്യവും ഇതിന് സ്വീകരിച്ച മാനദ്ണ്ഡവും വ്യക്തമാക്കാമോ;

(ഡി) സൂപ്രണ്ട് തസ്തികയിൽ നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കെ പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാത്രം നിയമനത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ളയാൾക്ക് അധിക ചുമതല നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പുനപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

## വിവരാവകാശ നിയമത്തിന്റെ സുതാര്യത

1419 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണരംഗത്ത് കൂടുതൽ സുതാര്യത ഉറപ്പുവരുത്തുവാൻ ലക്ഷ്യമിട്ടുള്ള വിവരാവകാശ നിയമ പ്രകാരം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവരങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളോ,

വിലക്കുകളോ ഏർപ്പെടുത്തുവാൻ നിലവിൽ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കാമോ?

**<u>സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം</u>**

1420 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ കാറ്റഗറി മാറ്റത്തിലൂടെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്, മറ്റ് തസ്തികകൾ എന്നിവയിലേക്ക് എത്രപേർ മാറിയിട്ടുണ്ടെന്ന വിവരം വർഷവും തസ്തികയും തിരിച്ച് ലഭ്യമാക്കുമോ; ഇപ്രകാരം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസ്തിസ്റ്റന്റ് ഗ്രേഡ് II & I തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിൽ വന്നതെന്നും, കാറ്റഗറി മാറ്റത്തിലൂടെ വന്ന കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.എസി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഓരോ വർഷവും എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം തസ്തിക മാറിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലുണ്ടായ ഒഴിവുകൾ മേൽ പറഞ്ഞ വർഷങ്ങളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; അങ്ങനെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാതെ എത്ര ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ വിരമിക്കൽ മൂലം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ സെക്രട്ടേറിയേറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ് I ലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിന്റെ

അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒരോ വർഷവും എത്ര ഒഴിവുകൾ വീതമെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പുനഃപരിശോധനയ്ക്ക് വിധേയമാക്കിയ വികസന പദ്ധതികൾ</u>**

1421 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. പ്രേംകുമാർ**
**പ്രൊഫ. പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ആരംഭിച്ച പ്രധാന വികസന പദ്ധതികളിൽ ഏതൊക്കെയാണ് നിലവിലെ സർക്കാർ പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ എത്ര വാഗ്ദാനങ്ങൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിവിധ പദ്ധതികൾ നിർത്തി വയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വകുപ്പുകളിൽ നടത്തിയ നയപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മുൻ സർക്കാർ കാലയളവിലെ കേരള പി.എസ്.സി. നിയമനം</u>**

1422 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാലയളവിൽ കേരള പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും വിശദമാക്കാമോ;

(ബി) കേരള പി.എസ്.സി. പരീക്ഷാ നടത്തിപ്പിലും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിലും നിലവിലെ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ,എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

**മുങ്ങി മരണമടയുന്നവരുടെ ആശ്രിതർക്ക് നല്കുന്ന സർക്കാർ സഹായങ്ങൾ**

1423 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുങ്ങി മരണമടയുന്നവരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സർക്കാർ സഹായം നൽകുന്നുണ്ടോ;

(ബി) മുങ്ങി മരണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**തിങ്ക് ടാങ്ക് സംവിധാനം**

1424 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നീതി ആയോഗ് മാതൃകയിൽ പ്ലാനിംഗ് ബോർഡ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്ലാനിംഗ് ബോർഡിന് ബദലായാണോ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച തിങ്ക് ടാങ്ക് സംവിധാനം രൂപപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വികസനത്തിന് നിർണ്ണായക പങ്കുവഹിച്ച പ്ലാനിംഗ് ബോർഡും പഞ്ചവത്സര പദ്ധതികളും തുടരുമോയെന്ന് വ്യക്തമാക്കാമോ?

**പി.എം.ശ്രീ. പദ്ധതി**

1425 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ശ്രീ. പദ്ധതിയിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത മന്ത്രിസഭാ ഉപസമിതിയിലെ അംഗങ്ങൾ; പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനാ വിഷയങ്ങൾ

എന്തൊക്കെയാണ്; മന്ത്രിസഭാ ഉപസമിതി ചേർന്ന യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പി.എം.ശ്രീ. പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ സർക്കാർ, കേന്ദ്രസർക്കാരുമായി ഒപ്പിട്ട എം.ഒ.യു (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) മരവിപ്പിക്കുന്നതിനായി കത്ത് നൽകിയ സാഹചര്യത്തിൽ പദ്ധതി നടപ്പാക്കാതിരിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; എങ്കിൽ ആ തടസ്സം നീക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ പോകുന്നത്;

(സി) പി.എം.ശ്രീ. പദ്ധതിയിൽ കേരള സർക്കാർ സഹകരിക്കുന്നില്ല, നടപ്പിലാക്കുന്നില്ല എന്നൊക്കെ സുപ്രീംകോടതിയിൽ കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ സാഹചര്യം വ്യക്തമാക്കാമോ; ഇതിൽ കേരള സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കേരളത്തിൽ എത്ര സർക്കാർ/എയ്ഡഡ് സ്കൂളുകളാണ് നിലവിൽ ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ളത്; പി.എം.ശ്രീ. പദ്ധതിയുടെ ഭാഗമായി എന്തെങ്കിലും ഫണ്ട് നാളിതുവരെ സർക്കാരിന് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

## <u>അച്ചടക്ക നടപടി</u>

1426 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 16 വരെയുള്ള സർക്കാരിന്റെ കാലത്ത് ഡോ. ബി. അശോക് ഐ.എ.എസ്- നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നോ; വ്യക്തമാക്കാമോ;

(ബി) ഡോ. ബി. അശോക് ഐ.എ.എസ്-ന് എതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടികളും അതിന്റെ കാരണങ്ങളും വ്യക്തമാക്കാമോ; ഓരോ അച്ചടക്ക നടപടിയും എപ്രകാരമാണ് തീർപ്പാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള അടച്ചടക്ക നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം</u>

1427 **പ്രൊഫ. പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മേൽ പ്രകാരം നടത്തിയ സ്ഥലം മാറ്റങ്ങൾക്ക് സിവിൽ സർവ്വീസ് ബോർഡ് ശിപാർശ ഉണ്ടായിരുന്നോയെന്ന് അറിയിക്കാമോ;

(സി) സിവിൽ സർവ്വീസ് ബോർഡിന്റെ ശിപാർശ ഇല്ലാതെ സ്ഥലം മാറ്റങ്ങൾ നടത്താൻ പാടില്ലെന്ന് ആവശ്യപ്പെട്ട് ഐ.എ.എസ്. അസോസിയേഷൻ മുൻപ് കോടതിയെ സമീപിച്ചിരുന്നോ; ഇക്കാര്യത്തിൽ കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മേൽ കോടതി വിധി പാലിച്ചാണോ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>വിമുക്തഭടന്മാരുടെ ആരോഗ്യപരിരക്ഷയും തൊഴിൽ സംവരണവും</u>**

1428 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവീസിലുള്ള വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇ.സി.എച്ച്.എസ്. (എക്സ്-സർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം) പ്രകാരം സമ്പൂർണ മെഡിക്കൽ ഇൻഷുറൻസ് നിലവിൽ ഉണ്ടെന്നിരിക്കെ, അവരിൽ നിന്ന് മെഡിസെപ്പ് പദ്ധതി പ്രകാരം ഹെൽത്ത് ഇൻഷുറൻസ് വിഹിതം ശമ്പളത്തിൽനിന്നും പെൻഷനിൽനിന്നും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒരാൾക്ക് ഇരട്ട ഹെൽത്ത് ഇൻഷുറൻസ് പാടില്ലെന്ന ബഹു. സുപ്രീംകോടതി വിധിക്കെതിരല്ലേ; വിശദമാക്കാമോ;

(ബി) സർക്കാർ സർവീസിലുള്ള വിമുക്തഭടന്മാരിൽ നിന്നും അവരുടെ ആശ്രിതരിൽ നിന്നും ഈടാക്കിയ മെഡിസെപ്പ് വിഹിതം തിരികെ നൽകുന്നതിനും അവരെ മെഡിസെപ്പ് പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വിമുക്തഭടന്മാരെയും അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്ന് വിരമിച്ചവരെയും മാത്രം സെക്യൂരിറ്റി സർവീസിനായി നിയമിക്കണമെന്ന വിമുക്തഭടന്മാരുടെ വർഷങ്ങളായുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) വിമുക്തഭടന്മാർക്കായി സംവരണം ചെയ്ത തസ്തികകളിൽ അവരെ നിയമിക്കാൻ നടപടി സ്വീകരിക്കാതെ പിൻവാതിൽ നിയമനങ്ങളിലൂടെ മറ്റുള്ളവരെ നിയമിക്കുന്നുവെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധമായ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാസർഗോഡ് വികസന പാക്കേജ്

1429 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തെ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

## സിൽവർ എക്കണോമിക് പോളിസി

1430 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിൽവർ എക്കണോമിക് പോളിസി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വയോജനക്ഷേമവുമായി ബന്ധപ്പെട്ട എന്തൊക്കെ സേവനങ്ങളും പദ്ധതികളുമാണ് സിൽവർ എക്കണോമിയുടെ ഭാഗമായി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സിൽവർ എക്കണോമിക് പോളിസിയുടെ ഭാഗമായി സിൽവർ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുന:സംഘടന**

1431 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ആസൂത്രണ ബോർഡിനെ പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മുൻഗണന പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ആശയങ്ങളെ പ്രായോഗിക പദ്ധതികളായി മാറ്റുന്നതിനും സാധിക്കുന്ന ഒരു ചിന്താ സമിതിയായി ആസൂത്രണ ബോർഡിനെ മാറ്റുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

**ക്ലീൻ എയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ നടപടി**

1432 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ ക്ലീൻ എയർ ആക്ഷൻ പ്ലാൻ കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) വികസന പദ്ധതികൾക്കായി അനുമതി നൽകുമ്പോൾ പച്ചപ്പ് നിലനിർത്താൻ നിർബന്ധമാക്കിയിട്ടുള്ള കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ സംസ്ഥാനത്ത് കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്ന്

പരിശോധിച്ചിട്ടുണ്ടോ; കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ഇക്കോ-ടൂറിസം പദ്ധതികൾ പ്രകൃതിക്ക് ദോഷം വരുത്താത്ത രീതിയിലാണെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ ജലാശയങ്ങളിലെ ആവാസ വ്യവസ്ഥയെയും ജീവജാലങ്ങളെയും ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ശാസ്ത്രീയ പഠനം നടത്തുമോ; വ്യക്തമാക്കാമോ?

**<u>മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധന</u>**

1433 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനകളിൽ, പരിസ്ഥിതി മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തിയ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്കും അവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ ക്ഷാമം</u>**

1434 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഭരണ സ്തംഭനവും ജീവനക്കാരുടെ ക്ഷാമവും മൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ സീനിയോറിറ്റി അടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) വ്യവസായ-വാണിജ്യ സ്ഥാപനങ്ങളും നഗരവത്ക്കരണവും ഏറ്റവും കൂടുതലുള്ള എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ ആവശ്യമായ എഞ്ചിനീയറിംഗ് ജീവനക്കാരുടെ അഭാവം

നിലനിൽക്കുന്നതും ഗുരുതരമായ മലിനീകരണ പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാതെ കെട്ടിക്കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം</u>**

1435 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. കെ. കെ. രാമചന്ദ്രൻ**
**ശ്രീ. എം. വിജിൻ**
**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ 2026 മെയ് 15 ന് മുമ്പ്, മെയ് 5 മുതൽ 18 വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലായി എത്ര ജീവനക്കാരെ ഇപ്രകാരം മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൊതു വിദ്യഭ്യാസ വകുപ്പ് (05.05.2026-ലെ ഡി. ജി. എ/41/226-സി3), ഹയർസെക്കണ്ടറി വിഭാഗം (05.05.2026-ലെ എച്ച്. എസ്. ഇ/9448/2026-എ.ഡി.എം) എന്നിവ പുറപ്പെടുവിച്ച സ്ഥലം മാറ്റ ഉത്തരവുകളിൽ ഒരു പ്രത്യേക സർവ്വീസ് സംഘടനയുടെ കത്തുകൾ പരാമർശമായി ഉൾപ്പെടുത്താനുള്ള സാഹചര്യം നിലവിലുള്ള ഏത് സർവ്വീസ് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തം അപേക്ഷയില്ലാതെ ക്ലാസ് ഫോർ ജീവനക്കാരെ മാറ്റാൻ പാടില്ലെന്ന മാനദണ്ഡം നിലനിൽക്കെ വിവിധ വകുപ്പുകളിലായി മുപ്പത്തിയെട്ട് ക്ലാസ് ഫോർ ജീവനക്കാരേയും നിയമപരമായി മൂന്ന് വർഷത്തെ പ്രൊട്ടക്ഷൻ കാലാവധി ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥരെയും മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ആസൂത്രണ ബോർഡിൽ ഒഴിവില്ലാത്തതിനെത്തുടർന്ന് ഒരു ജീവനക്കാരന് നിയമനം നൽകാനായി പി. എസ്. സി വഴി ജോലിയിൽ പ്രവേശിച്ച വനിതാ ജീവനക്കാരിയെ സർവ്വീസിൽ നിന്ന് ഒഴിവാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## അസിസ്റ്റന്റ് പ്രൊഫസർ നിയമനം

1436 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ നിലവിൽ വന്ന അസിസ്റ്റന്റ് പ്രൊഫസർ (ഉറുദു), അസിസ്റ്റന്റ് പ്രൊഫസർ(ഫിലോസഫി), അസിസ്റ്റന്റ് പ്രൊഫസർ(സോഷ്യോളജി), അസിസ്റ്റന്റ് പ്രൊഫസർ(ഇസ്ലാമിക് ഹിസ്റ്ററി) എന്നീ റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകളുടെ വിജ്ഞാപനസമയത്തും തുടർന്നും നാളിതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന തസ്തിക തിരിച്ച ലഭ്യമാക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുന്നത് പരിഗണനയിലുണ്ടോ;വ്യക്തമാക്കാമോ ;

(സി) 2021-ന ശേഷം നിലവിൽ വന്ന വിവിധ വിഷയങ്ങളിലേക്കുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്ന് വിഷയം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകുന്നതിനും പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുന്നതിനും നടപടി സ്വികരിക്കുമോയെന്ന് വിശദമാക്കാമോ;

(ഇ) 2021-2026സർക്കാരിന്റെ കാലത്ത് ഒരു നിയമനം പോലും നടത്താതെ എത്ര റാങ്ക് ലിസ്റ്റുകൾ റദ്ദായിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പുതിയ സർക്കാർ വന്നതിനു ശേഷമുള്ള പി. എസ്. സി. നിയമനങ്ങൾ

1437 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പി. എസ്. സി. മുഖേന നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾ ഏതൊക്കെ തസ്തികകളിലാണ് ; എത്രയെണ്ണം എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

**<u>പബ്ലിക് സർവീസ് കമ്മീഷൻ</u>**

1438 **ഡോ. ഡോ. മാത്യൂ കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമനം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും തസ്തികകളിലെ നിയമനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തിക്കൊണ്ടിരിക്കുന്ന സർക്കാർ വകുപ്പിലെ തസ്തികകൾ ഉൾപ്പെടെ ജീവനക്കാരെ സ്വന്തം നിലയ്ക്ക് നിയമനം നടത്തുന്ന തദ്ദേസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറുന്ന കാര്യത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസിൽ ഉൾപ്പെടാത്ത തദ്ദേസ്വയംഭരണ സ്ഥാപനത്തിലേക്ക് സർക്കാർ വകുപ്പിലെ തസ്തികകൾ ഉൾപ്പെടെ ജീവനക്കാരെ മാറ്റാനുള്ള തീരുമാനം പുനഃപരിശോധിച്ച് പ്രസ്തുത ജീവനക്കാരെ വകുപ്പിൽ നിലനിർത്തുന്നതിനും ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>പ്ലസ് ടു അധ്യാപക തസ്തികയിലേയ്ക്കുള്ള പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ച്.</u>**

1439 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി. എസ്. സി. വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്ന ഉയർന്ന പ്രായപരിധി 36 വയസ്സായിരുന്ന എല്ലാ തസ്തികകളുടെയും പ്രായപരിധി 40 വയസ്സായി ഉയർത്തിയെങ്കിലും പ്ലസ് ടു അധ്യാപക തസ്തികയിലേക്ക് അപേക്ഷിക്കാനുള്ള നിലവിലുണ്ടായിരുന്ന ഉയർന്ന പ്രായപരിധിയായ 40 വയസ്സ് വർധിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി. വഴി പ്ലസ് ടു അധ്യാപക തസ്തികയിലേക്ക് ജോലി പ്രതീക്ഷിച്ചിരിക്കുന്ന നിരവധി ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ പ്ലസ് ടു അധ്യാപക തസ്തികയിലേക്കു അപേക്ഷ സമർപ്പിക്കുവാനുള്ള ഉയർന്ന പ്രായപരിധി 45 വയസ്സായെങ്കിലും ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>സംസ്ഥാന ജീവനക്കാരുടെ എൻ.പി.എസ്. പെൻഷൻ</u>**

1440 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരിൽ എൻ.പി.എസ് വിഭാഗത്തിൽപ്പെടുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എൻ.പി.എസ്. ജീവനക്കാരുടെ പെൻഷൻ ആശങ്ക അകറ്റുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളെ കുറിച്ച് വ്യക്തമാക്കാമോ;

(സി) എൻ.പി.എസ്. ജീവനക്കാർക്ക് ഗുണകരമാവുന്ന എന്തെങ്കിലും പ്രവർത്തനങ്ങൾ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

1441 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. നവാസ്**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ സർക്കാർ വിഹിതമായി അടയ്ക്കുന്ന തുകയിൽ വർദ്ധനവ് വരുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിക്കു പകരം മുൻ സർക്കാർ പ്രഖ്യാപിച്ച അഷ്വേർഡ് പെൻഷൻ പദ്ധതി ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കുട്ടനാട്ടിലെ റീബിൾഡ് കേരള പദ്ധതി</u>**

1442 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ റീബിൾഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ഇതിനകം നിർമ്മാണം പൂർത്തീകരിച്ചവ, നിർമാണം ആരംഭിച്ചിട്ടുള്ളവ, നിർമ്മാണം തുടങ്ങിയിട്ടില്ലാത്തവ എന്നിങ്ങനെ ഇനം തിരിച്ച് വിവരങ്ങൾ നൽകാമോ;

(സി) നിർമ്മാണം ആരംഭിച്ചവയുടെ നിലവിലെ സ്ഥിതിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത റോഡുകളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

**വയനാട് ദുരന്തത്തിന് കേന്ദ്ര സഹായം**

1443 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 -ലെ വയനാട് പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭിച്ച ധനസഹായം എത്രയാണെന്നും അത് ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുവദിക്കപ്പെട്ടതെന്നുമുള്ള ഇനം തിരിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ദുരന്തത്തിൽ തകർന്ന വെള്ളാർമലയിലെ സ്കൂളുകളുടെ നവീകരണത്തിനായി കേന്ദ്രസർക്കാർ ധനസഹായം അനുവദിച്ചിരുന്നോ; എങ്കിൽ ഈ തുക ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിന്റെ ഭാഗമായി സ്കിൽ പാർക്കും മൾട്ടിപർപ്പസ് കെട്ടിടവും നിർമ്മിക്കുന്നതിന് കേന്ദ്രസർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഉൾപ്പെടെ എത്ര തുക നാളിതുവരെ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

1444 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർനിർമാണ പദ്ധതി പ്രകാരവും അനുമതി നൽകിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശം, പുരോഗതി എന്നിവ ലഭ്യമാക്കാമോ ?

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം**

1445 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഒക്ടോബർ 9-ന് തളിപ്പറമ്പ് നഗരസഭയിലെ തളിപ്പറമ്പ് പട്ടണത്തിൽ ഉണ്ടായ അഗ്നിബാധയിൽ സംഭവിച്ച നാശനഷ്ടങ്ങളും,വ്യാപാരികൾക്കുണ്ടായ നഷ്ടങ്ങളെയും കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ ഓരോവ്യാപാരിക്കും ഉണ്ടായിട്ടുള്ള നാശനഷ്ടം കണക്കാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;പ്രസ്തുത ധനസഹായം എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം**

1446 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ നിലവിലെ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം കൊണ്ടു വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിൽ വന്നിട്ടുള്ള പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നുള്ള ചികിത്സാ സഹായം</u>**

1447 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത് മൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകൾ വില്ലേജ് ഓഫീസർ വരുമാനമുൾപ്പടെ പരിശോധിക്കുന്നത് കൂടാതെ പ്രത്യേകം വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കുന്നത് ഒഴിവാക്കാൻ നിർദ്ദേശിക്കുമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>**

1448 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് തുക നൽകിയിട്ടുണ്ട്, എത്ര അപേക്ഷകൾ പെൻഡിങ്ങിലുണ്ട് എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) അഴീക്കോട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും,എത്ര പേർക്ക് തുക നൽകി എന്നുമുള്ള വിശദാംശം അറിയിക്കാമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം</u>**

1449 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്തിനെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും അനിശ്ചിതത്വം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

1450 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നത് തുടരുമോ; വ്യക്തമാക്കാമോ;

(ബി) 2026 - 27 സാമ്പത്തിക വർഷത്തെ ബജറ്റിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള വിഹിതമായി മാറ്റി വെച്ചിരിക്കുന്നത് എത്ര തുകയാണെന്ന് വ്യക്തമാക്കാമോ;

(സി) 2011 മുതൽ 2026 വരെയുള്ള ഓരോ ബജറ്റിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള വിഹിതമായി എത്ര വീതം തുകയാണ് മാറ്റിവെച്ചതെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാ ധനസഹായത്തിന് ബദലായാണോ ബജറ്റ് പ്രസംഗത്തിൽ 'വൺ കേരള കരുതൽ മിഷൻ' പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

## ആകസ്മികമായി പൊള്ളലേറ്റ് മരണപ്പെടുന്നവർക്കുള്ള ധനസഹായം

1451 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകട മരണത്തിന്റെ പരിധിയിൽ ആകസ്മികമായി പൊള്ളലേറ്റ് മരണപ്പെടുന്നവരെയും ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആകസ്മികമായുള്ള ഇത്തരം മരണങ്ങൾ അപകട മരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി പ്രസ്തുത ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇല്ലെങ്കിൽ തീർത്തും ആകസ്മികമായ രീതിയിൽ ഉണ്ടാകുന്ന ഇത്തരം മരണങ്ങൾ അപകട മരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

**<u>കാലിക്കറ്റ് എയർപോർട്ട് അതോറിറ്റി സി.എസ്.ആർ ഫണ്ട്</u>**

1452 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിൽ കാലിക്കറ്റ് എയർപോർട്ട് അതോറിറ്റി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (സി.എസ്.ആർ) ഇനത്തിൽ എത്ര തുകയാണ് മാറ്റിവെച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ കാലിക്കറ്റ് എയർപോർട്ട് അതോറിറ്റിയുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഇനത്തിൽ എത്ര തുകയാണ് മിച്ചമുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>എയ്റോ പാർക്കുകളും എയ്റോ സിറ്റി പദ്ധതികളും</u>**

1453 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്റോ പാർക്കുകളും എയ്റോ സിറ്റി പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഏതൊക്കെ വ്യാപാര സേവന മേഖലകളെ വ്യോമയാന മേഖലയുമായി സംയോജിപ്പിച്ചാണ് പ്രസ്തുത പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ മേഖലകളിലെ കയറ്റുമതി ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ അനുബന്ധ വികസന പദ്ധതികളാണ് എയ്റോ പാർക്കുകളും എയ്റോ സിറ്റി പദ്ധതികളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ?

**തിരുവനന്തപുരം മെട്രോ പദ്ധതി**

1454 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മെട്രോ പദ്ധതി നടപ്പിലാക്കുമ്പോൾ ഏതൊക്കെ പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മെട്രോ പദ്ധതിക്കായി ഡി.പി.ആർ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

**മെട്രോ റെയിൽ പദ്ധതി**

1455 **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടും തിരുവനന്തപുരത്തും മെട്രോ റെയിൽ പദ്ധതി ആരംഭിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഏത് ഏജൻസിയെ ഏൽപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**മെട്രോ റെയിൽ വിപുലീകരണം**

1456 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലേക്കും തീരദേശ മേഖലകളിലേക്കും മെട്രോ റെയിൽ ശൃംഖല ദീർഘിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര സാധ്യതാ പഠനം നടത്തി അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

**ദേശീയ ജലപാത നവീകരണം**

1457 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത നവീകരണത്തോടനുബന്ധിച്ച് താനൂർ നിയോജക മണ്ഡലത്തിലെ കനോലി കനാൽ നവീകരണം നടത്തുന്നതിനുള്ള നടപടി വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ജില്ലയിലെ നാവിഗേഷൻ റൂട്ടിൽ ഇപ്പോൾ ജലഗതാഗ സർവ്വീസ് സംബന്ധിച്ച് ദേശീയ ജലപാത വിഭാഗത്തിന് കൈമാറുന്ന വിവരങ്ങൾ പദ്ധതിക്ക് ഏതെങ്കിലും തരത്തിലുള്ള തടസ്സം സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള പരിഹാര നടപടി സ്വീകരിക്കാമോ;

(സി) താനൂർ മണ്ഡലത്തിൽ കനോലി കനാൽ നവീകരണം, ദേശീയ ജലഗതാഗതം എന്ന പേരിൽ വൈകുന്നതിനാൽ കനോലി കനാലിന് കുറുകെയുള്ള പാലങ്ങൾ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പാലങ്ങളുടെ നവീകരണം സംബന്ധിച്ചുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പാലങ്ങൾ നവീകരിക്കുമ്പോൾ 3 ഹൊറിസോണ്ടൽ ക്ലിയറൻസ്,വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്നതിനാൽ അപകടാവസ്ഥയിലായ പാലങ്ങൾ പുന:നിർമ്മിക്കുന്നതിന് വലിയ ഫണ്ടുകൾ വേണമെന്നത് പല പദ്ധതികൾക്കും തടസ്സമാവുന്നുണ്ടെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ അപകടാവസ്ഥയിലുള്ള പാലങ്ങൾ ദേശീയ ജലപാത പദ്ധതി യാഥാർത്ഥ്യമാവുമ്പോൾ പൊളിച്ച് മാറ്റാമെന്ന വ്യവസ്ഥയിൽ ചെറിയ പാലങ്ങൾ നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) അത്തരത്തിൽ അപകടാവസ്ഥയിലുള്ള താനൂർ കനോലി കനാലിന് കുറുകെയുള്ള അങ്ങാടി പാലം റീ ഡെക്ക് ചെയ്ത് വീതി കൂട്ടി പുന:നിർമ്മിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന് നൽകുന്ന കാര്യം പരിഗണിക്കുമോ?

**<u>എറണാകുളം നഗരത്തിൽ കനാൽ റിജുവനേഷൻ പദ്ധതി</u>**

1458 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിലെ കനാലുകളുടെ സംയോജനത്തിനും നവീകരണത്തിനുമായി കനാൽ റിജുവനേഷൻ പദ്ധതി രൂപീകരിച്ചത് ഏത് വർഷമാണ്; പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) കനാൽ റിജുവനേഷൻ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള കനാലുകൾ ഏതെല്ലാമാണ്; ഓരോ കനാലിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതിയുടെ ഭാഗമായി കനാലുകളുടെ നിലവിലുള്ള അവസ്ഥ, ജലഒഴുക്ക്, മലിനീകരണം, കൈയേറ്റം തുടങ്ങിയ വിഷയങ്ങളിൽ ഏതെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(സി) എറണാകുളം നഗരത്തിലെ കനാലുകളുടെ നവീകരണത്തിനായി ഇതുവരെ അനുവദിച്ച മൊത്തം തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ;

(ഡി) കനാൽ റിജുവനേഷൻ പദ്ധതിയുടെ ഭാഗമായി മലിനജല ശുദ്ധീകരണ സംവിധാനം (Sewage Treatment System) ഉൾപ്പെടുത്തിയിട്ടുണ്ടോ; കനാലുകളിലേക്ക് മാലിന്യവും മലിനജലവും ഒഴുകുന്നത് തടയുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) നിലവിൽ കനാൽ റിജുവനേഷൻ പദ്ധതിയുടെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ പുരോഗതി എത്ര ശതമാനമാണ്; വിശദമാക്കാമോ?

## <u>പ്രവാസി ക്ഷേമ നിധി</u>

1459 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ അംശദായം മുടക്കം വന്നിട്ടുള്ള അംഗങ്ങൾക്ക് അറുപത് വയസ്സ് പൂർത്തിയാകുകയും അവർക്ക് അംശദായം കുടിശ്ശിക വന്നതിനാൽ പെൻഷന് അപേക്ഷിക്കാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംശദായം അടച്ച് ക്രമപ്പെടുത്തി പെൻഷന് അപേക്ഷിക്കാൻ ഒരു അവസരം കൂടി നൽകാൻ നിലവിലെ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) ഒരു വർഷത്തിൽ താഴെ അംശദായ കുടിശ്ശിക ഉണ്ടായിരുന്ന അംഗങ്ങൾക്ക് അംശദായം അടച്ച് ക്രമപ്പെടുത്തി പെൻഷന് അപേക്ഷിക്കാൻ അനുവദിച്ചിരുന്ന രണ്ട് വർഷത്തെ ഇളവ് എത്ര അംഗങ്ങൾക്ക് പ്രയോജനപ്പെട്ടുവെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) മുൻ സർക്കാർ അനുവദിച്ച ഇളവ് ഉത്തരവിൽ കാലദൈർഘ്യം പറഞ്ഞിട്ടുള്ളതിനാൽ ആശയക്കുഴപ്പം ഉണ്ടാകുകയും അതുമൂലം നാമമാത്ര കുടിശ്ശിക വന്ന ആദ്യകാല അംഗങ്ങൾക്ക് ആ അവസരം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല എന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാലയളവ് പറയാതെ മൂവായിരത്തി അറുനൂറ് രൂപയിൽ കുറവ് അംശദായം മുടക്കം വന്നിട്ടുള്ള എല്ലാ അംഗങ്ങൾക്കും മുൻകാല പ്രാബല്യത്തോടെ ഒരു അവസരം കൂടി നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

## <u>വിമാനയാത്രാക്കൂലി വർദ്ധനവ്</u>

1460 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന യുദ്ധ പ്രതിസന്ധിയിൽ ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാനയാത്രാക്കൂലിയിൽ വൻ വർദ്ധനവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വർദ്ധനവ് പരിഹരിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയവുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>നോർക്കയുടെ സമഗ്രമായ വികസനത്തിനുള്ള നടപടികൾ</u>

1461 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളിൽ നിന്നും ഉദ്യോഗാർത്ഥികളെ സംരക്ഷിക്കുന്നതിന് നോർക്ക മുഖേനയുള്ള ഔദ്യോഗിക റിക്രൂട്ട്മെന്റുകൾ

വിപുലപ്പെടുത്തുമോ; വ്യക്തമാക്കാമോ;

(ബി) പ്രവാസികളുടെ പുനരധിവാസത്തിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നോർക്ക റൂട്ട്സ് വഴി ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ;

(സി) വിദേശത്ത് വിദ്യാഭ്യാസത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ സമഗ്രവിവരങ്ങൾ നോർക്ക സമാഹരിച്ചിട്ടുണ്ടോ; പ്രസ്തുത വിദ്യാർത്ഥികളുടെ വിവരങ്ങൾ നിർബന്ധിത രജിസ്ട്രേഷനിലൂടെ ശേഖരിക്കുകയും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുമോയെന്ന് വിശദമാക്കാമോ?

## അച്ചടി വകുപ്പിൽ അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

1462 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## തോട്ടപ്പള്ളി പ്രദേശം ഖനനവിരുദ്ധ മേഖലയായി പ്രഖ്യാപിക്കാൻ നടപടി

1463 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്തും സമീപ തീര പ്രദേശങ്ങളിലും വന്നടിയുന്ന കരിമണൽ രാജ്യാന്തര മൂല്യമുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അമൂല്യധാതു സ്വകാര്യ ശക്തികളും കരിമണൽ കമ്പനികളും അനധികൃതമായി കൈവശപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐ.ആർ.ഇ (ഇൻഡ്യൻ റെയർ എർത്ത്)യും ചവറ മിനറൽസ് ആൻറ് മെറ്റൽസും നടത്തുന്ന കരിമണൽ ഇടപാടുകൾ അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കഴിഞ്ഞ പത്ത് വർഷക്കാലത്തെ കരിമണൽ ഖനനത്തെപ്പറ്റി വിദഗ്ധരും സാമ്പത്തിക ശാസ്ത്രജ്ഞന്മാരും അടങ്ങുന്ന ഒരു ഉന്നതതല അന്വേഷണ സംഘത്തെകൊണ്ട് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) ഇപ്പോൾ ഇറക്കുന്ന ടെണ്ടറുകൾ റദ്ദ് ചെയ്യാമോ;

(എഫ്) തോട്ടപ്പള്ളി പ്രദേശം ഖനനവിരുദ്ധ മേഖലയായി പ്രഖ്യാപിക്കാമോ?

**മുതിർന്ന പൗരന്മാരുടെ പരിചരണം**

1464 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ദീപക് ജോയ്**
**ശ്രീ. എഫ്. രാജ**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും പരിചരണത്തിനുമായി പുതിയൊരു സംവിധാനം യാഥാർത്ഥ്യമാക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്നവരുടെ ക്ഷേമ വിവരങ്ങൾ അന്വേഷിക്കാനും ഭക്ഷണം, മരുന്ന് തുടങ്ങിയവ ഉറപ്പാക്കാനുമുള്ള വിപുലമായ പരിചരണ സംവിധാനമാണോ പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(സി) മുതിർന്നവരോടുള്ള അതിക്രമങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; രാജ്യത്തെ ഏറ്റവും മികച്ച വയോജന സൗഹൃദ സമൂഹമാക്കി കേരളത്തെ മാറ്റാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

**കെ - റെയിൽ പദ്ധതി**

1465 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ - റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ള ഭൂമിയിൽ കല്ലുകൾ നീക്കം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കെ -റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തലത്തിലുള്ള എത്ര ഉദ്യോഗസ്ഥരാണ് ഇവിടെ സേവനം അനുഷ്ഠിക്കുന്നത്; പദ്ധതിയുടെ പ്രവർത്തനത്തിനായി എത്ര വാഹനങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ഓഫീസ് പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് അവസാനിപ്പിക്കാൻ കഴിയും എന്നാണ് കരുതുന്നത്;

(ഇ) കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>നിലമ്പൂർ നഞ്ചങ്കോട് റെയിൽവേ ലൈൻ</u>**

1466 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനും കർണാടകത്തിനും ഇടയിൽ ഹ്രസ്വദൂര കണക്ടിവിറ്റി നൽകുന്ന നിർദിഷ്ട നിലമ്പൂർ നഞ്ചൻകോട് റെയിൽവേ ലൈൻ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ല കൂടി റെയിൽവേ ഭൂപടത്തിൽ ഇടം പിടിക്കുന്ന നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ പാത യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>ട്രഷറി തുക</u>**

1467 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ട്രഷറിയിൽ ഉണ്ടായിരുന്ന തുക എത്രയെന്നു വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോൾ എത്ര തുകയാണ് ബാധ്യത ഇനത്തിൽ നിലവിലുണ്ടായിരുന്നത് ;

(സി) ഈ ബാധ്യതകൾ തീർക്കാൻ നടപടികൾ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാനപ്പെട്ടവ വെളിപ്പെടുത്താമോ?

**<u>ശമ്പള വിതരണം - ഐ.സി.ഡി.എസ് പദ്ധതി</u>**

1468 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത ശിശു വികസന വകുപ്പിനുകീഴിൽ ഐ.സി.ഡി.എസ് പദ്ധതിയിൽ വരുന്ന ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും പ്രത്യേക

ഉത്തരവിലൂടെ അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.സി.ഡി.എസ് പദ്ധതിയിൽ വരുന്ന ജീവനക്കാരുടെ ശമ്പള വിതരണത്തിൽ വരുന്ന ഈ കാലതാമസം ഒഴിവാക്കാൻ അവർക്ക് എല്ലാ മാസവും കൃത്യദിവസം ശമ്പളം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കാമോ ?

**<u>സാമൂഹ്യനീതിയും പശ്ചാത്തല സൗകര്യ വികസനവും</u>**

1469 **ശ്രീ. പി. പ്രസാദ്**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിയും പശ്ചാത്തല സൗകര്യ വികസനവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാടിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമുൾപ്പെടെ പശ്ചാത്തല സൗകര്യ വികസന മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പുതിയൊരു വളർച്ചാ തരംഗം സൃഷ്ടിക്കുമോ ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നികുതി വിഹിതം കുറഞ്ഞു വരുന്ന വിഷയം പതിനാറാം ധനകാര്യ കമ്മീഷന്റെയും കേന്ദ്ര സർക്കാരിന്റെയും മുൻപിൽ ഉന്നയിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പതിനാറാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെ കൂടി ചേർത്തുകൊണ്ട് അഭിപ്രായ രൂപീകരണം നടത്തുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് കേരളം നേതൃത്വം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>2022-23 ലെ ബഡ്ജറ്റിൽ ലോക സമാധാനത്തിനായി വകയിരുത്തിയ തുക</u>**

1470 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ലോക സമാധാനത്തിനായി വകയിരുത്തിയ തുക വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ആവശ്യത്തിനാണ് തുക വിനിയോഗിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ വിനിയോഗിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## വരുമാന കമ്മിയും പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സഹായങ്ങളും

1471 **ശ്രീ. വി. കെ. സനോജ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാന കമ്മി നിലവിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ചരക്ക് സേവന നികുതി നഷ്ടപരിഹാര ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻ സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെ കണക്ക് ലഭ്യമാക്കാമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം നികത്തുവാൻ മുൻ സർക്കാർ അനുവദിച്ച സാമ്പത്തിക സഹായം എത്രയാണെന്ന് വിശദമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം

1472 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## മെഡിസെപ്പ് റീ-ഇംബേഴ്സ്മെന്റ്

1473 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് മുഖേനയുള്ള റീ-ഇംബേഴ്സ്മെന്റ് തുക ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ പ്രയാർ സ്വദേശിനി സാറാമ്മ പി.എം. (മെഡിസെപ്പ് ID 1078579) 2026 ഏപ്രിലിൽ മെഡിസെപ്പ് വഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിന്മേൽ തുക ലഭ്യമാക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യക്തിയ്ക്ക് റീ-ഇംബേഴ്സ്മെന്റ് തുക എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

**<u>സാമ്പത്തിക ചെലവ് ചുരുക്കൽ</u>**

1474 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ടുകൾ നിലനിൽക്കെ സർക്കാർ ഔദ്യോഗിക ഏജൻസികളെ വിശ്വാസത്തിലെടുക്കാതെ സ്വകാര്യ ഏജൻസികളെ കൊണ്ട് ഔദ്യോഗിക രേഖകൾ പരിശോധിപ്പിച്ച നടപടി അംഗീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്വകാര്യ ഏജൻസികൾ നിർദ്ദേശിക്കുന്ന പരിഷ്കാരങ്ങളാണോ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നത്; വിശദമാക്കാമോ;

(സി) സാമ്പത്തിക ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

**<u>സംരംഭകത്വ വികസന പരിപാടി</u>**

1475 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് എന്തൊക്കെ സേവനങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ സംരംഭകരുടെ പ്രായപരിധി ഉയർത്തുന്നതിനും വായ്പാ തുകയുടെ പരിധി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## ഖജനാവിലെ തുക

1476 **ശ്രീ. സനീഷ്‌കുമാർ ജോസഫ്**
**ശ്രീ. രമേഷ് പിഷാരടി**
**ശ്രീ. സുമേഷ് അച്ചുതൻ**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ഏപ്രിൽ മാസത്തിൽ പതിനൊന്നായിരത്തി അഞ്ഞൂറ്റിമൂന്ന് കോടി രൂപ കടമെടുത്തിരുന്നോ; വ്യക്തമാക്കുമോ;

(ബി) 2026 ഏപ്രിൽ മാസത്തിൽ സർക്കാരിന്റെ നികുതി- നികുതിയേതര ആകെ വരുമാനവും ആകെ ചെലവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; ആകെ ചെലവിന്റെ പകുതി മാത്രം വരുമാനമായി ലഭിച്ചതിനാലാണോ ബാക്കി തുക കണ്ടെത്തുന്നതിനായി കടമെടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) റിസർവ് ബാങ്കിൽ നിന്ന് കടമെടുത്ത തുക അടക്കമാണ് 2026 മെയ് ഒന്നിന് റിസർവ് ബാങ്കിലെ ട്രഷറി ബില്ലുകളിൽ കഴിഞ്ഞ സർക്കാർ നിക്ഷേപിച്ചതെന്ന ആക്ഷേപം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

## സ്ത്രീസുരക്ഷാ പെൻഷൻ പദ്ധതി

1477 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണത്തിൽ എത്ര തുക കുടിശ്ശികയുണ്ട്; ആയത് നൽകാത്തതിന്റെ കാരണം വിശദമാക്കുമോ?

## മദ്യത്തിന്റെ നികുതി

1478 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അര ശതമാനം മുതൽ പത്ത് ശതമാനം വരെ വീര്യമുള്ള മദ്യത്തിന് നൂറ്റി ഇരുപത് ശതമാനം നികുതിയും പത്ത് ശതമാനം മുതൽ ഇരുപത് ശതമാനം വരെ വീര്യമുള്ള മദ്യത്തിന് നൂറ്റി എഴുപത്തഞ്ചു ശതമാനം നികുതി നിരക്കും നിശ്ചയിച്ചത് ഏതു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ വിവിധ നികുതി സെക്രട്ടറിമാരുടെ അഭിപ്രായം എന്തായിരുന്നു; വ്യക്തമാക്കാമോ;

(സി) 2022-23 ലെ ബജറ്റ് പ്രസംഗത്തിൽ കർഷകരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി വീര്യം കുറഞ്ഞ മദ്യത്തിന് നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് എത്രയായിരുന്നു;

(ഡി) മദ്യത്തിന്റെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും ബന്ധപ്പെട്ട ഫയലിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

## കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം

1479 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തികരിക്കാനുണ്ടെന്നും പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും

ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>കിഫ്ബിക്ക് അനുവദിച്ച നൽകിയ തുകകളുടെ വിവരങ്ങൾ</u>**

1480 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ആരംഭിച്ചത് മുതൽ നാളിതുവരെ വാഹന നികുതി, സെസ്സ് എന്നിവയിലൂടെ കിഫ്ബിക്ക് ലഭിച്ച തുകകളുടെ വിശദ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) നാളിതുവരെ കിഫ്ബി എടുത്തിട്ടുള്ള വായ്പയുടെ വിവരങ്ങൾ, പലിശ നിരക്ക്, തിരിച്ചടവ് എന്നിവ ഉൾപ്പെടെ വർഷം തിരിച്ച് ലഭ്യമാക്കാമോ?

**<u>കിഫ്ബി 'റവന്യൂ ജനറേഷൻ' പദ്ധതികൾ</u>**

1481 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ ചെലവാക്കിയ തുകയുടെ എത്ര ശതമാനമാണ് ക്യാപിറ്റൽ എക്സ്പെൻഡിച്ചറായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി നടപ്പാക്കിയിട്ടുള്ള 'റവന്യൂ ജനറേഷൻ' പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിൽ നിന്നും നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ?

**<u>കിഫ്ബി നടപ്പിലാക്കിയ പദ്ധതികൾ</u>**

1482 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിയോജക മണ്ഡലത്തിന്റെ പേര്, പദ്ധതിയുടെ പേര്, ഭരണാനുമതി, സാമ്പത്തികാനുമതി തീയതികൾ, ഭരണാനുമതി, സാമ്പത്തികാനുമതി തുകകൾ, സാങ്കേതികാനുമതികളുടെ തീയതിയും തുകയും, പദ്ധതി പൂർത്തിയാക്കിയ തീയതി, നിലവിലെ സ്ഥിതി, ചെലവാക്കിയ തുക, എന്നിവ ലഭ്യമാക്കുമോ?

**കിഫ്ബി പദ്ധതികൾ**

1483 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന നാളിതുവരെ പാലങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, റോഡുകൾ, സർക്കാർ ഓഫീസുകൾ ഉൾപ്പെടെ എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വിവിധ ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര കിഫ്ബി പദ്ധതികൾ പുരോഗമിക്കുന്നുണ്ടെന്നും ഓരോ വിഭാഗങ്ങളിലും ആകെ എത്ര തുകയുടെ പദ്ധതികളാണ് വിവധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നതെന്നും വിവിധ ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(സി) കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ അഭിമാനകരമായ നേട്ടം കൈവരിച്ച കിഫ്ബിക്ക് കീഴിൽ പുരോഗമിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

1484 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച കിഫ്ബി പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കിഫ്ബി പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

**കിഫ്ബിയിൽ ഫോറൻസിക് ഓഡിറ്റിംഗ്**

1485 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ കഴിഞ്ഞ പത്ത് വർഷക്കാലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ ഫോറൻസിക് ഓഡിറ്റിംഗിന് നിർദ്ദേശമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ഐ.ടി. പാർക്ക് പോലുള്ള വരുമാനം ലഭിക്കാവുന്ന പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം ബജറ്റിലൂടെ നടപ്പാക്കേണ്ട പദ്ധതികൾക്ക് തുക ചെലവിട്ടതാണ് കിഫ്ബിയെ നിലവിലെ അവസ്ഥയിൽ എത്തിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തുമോ;

(സി) ഉയർന്ന പലിശയ്ക്ക് വായ്പയും മസാല ബോണ്ടും വാങ്ങിയതും വൻ തുകയ്ക്ക് കൺസൾട്ടൻസി കരാറുകൾ നൽകിയതും കിഫ്ബി ചെലവിൽ നേതാക്കൾ വിദേശയാത്ര നടത്തിയതുമായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തുമോ; വിശദമാക്കുമോ?

## വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം

1486 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

1487 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പട്ടിക അവയുടെ നിലവിലെ സ്ഥിതി, കാലതാമസത്തിനുള്ള കാരണങ്ങൾ എന്നിവ സഹിതം ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

## തലശ്ശേരി കടൽപ്പാലം നവീകരണം

1488 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന തലശ്ശേരി കടൽപ്പാലം നവീകരണം സംബന്ധിച്ച പ്രവൃത്തിയുടെ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

## ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് - മാർഗ നിർദേശങ്ങൾ

1489 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡല ആസ്തി വികസന പദ്ധതി (സി.എ.ഡി.എസ്.), പ്രത്യേക വികസന പദ്ധതി, എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും നിർദേശങ്ങളും ഉൾപ്പെടുത്തി സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള കൈപ്പുസ്തകത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തിയ പ്രധാന ഭേദഗതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾ

1490 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് പൂർത്തിയാക്കാൻ കഴിയുന്ന പ്രവർത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികളുടെ നിർമ്മാണ ചുമതല ആർക്കൊക്കെയാണ് നൽകാൻ കഴിയുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവർത്തികൾ ഏതു അംഗത്തിന്റെ ഫണ്ട് എന്ന് തിരിച്ചറിയാൻ പ്രത്യേകം ബോർഡ് വയ്ക്കാറുണ്ടോ; എം.എൽ.എ. ഫണ്ട് മറ്റ് ഫണ്ടുകളുമായി വക മാറ്റാതിരിക്കാനായി നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ അത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

## <u>പാറശ്ശാല നിയോജകമണ്ഡലത്തിലെ എം.എൽ.എ - എ.ഡി.എസ്. പ്രവൃത്തികൾ</u>

1491 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ 2021 മുതൽ 2026 വരെയുള്ള കാലയളവിൽ എം.എൽ.എ - എ.ഡി.എസ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര തുകയാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിച്ച് പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതുവരെ എത്ര പുതിയ പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ഇപ്രകാരം നിർദ്ദേശിച്ച പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമായവ ഏതൊക്കെയാണെന്നും ഈ ഇനത്തിൽ ഇനി എത്ര തുക കൂടി നീക്കിയിരിപ്പായി ലഭ്യമാണെന്നും വിശദമാക്കാമോ;

(ഡി) എം. എൽ. എ. -മാരുടെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി, പ്രത്യേക വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകൾക്ക് സ്കൂൾ ബസ് അനുവദിച്ചു നൽകുന്നതിന് നിലവിൽ അനുമതിയുണ്ടോ;

(ഇ) എയ്ഡഡ് സ്കൂളുകൾക്ക് എം. എൽ. എ. ഫണ്ടിൽ നിന്നും സ്കൂൾ ബസ് അനുവദിക്കുന്നതിനുള്ള അനുമതി നിലവിലില്ലെങ്കിൽ പ്രസ്തുത

പദ്ധതിയുടെ മാർഗ്ഗരേഖ പുതുക്കി ഇത്തരം പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**<u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>**

1492 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി രൂപീകരിച്ച കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ;

(ബി) കമ്മീഷന്റെ കാലാവധി എന്നുവരെ ആണെന്നും പരിഗണന വിഷയങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; കാലാവധി നീട്ടിനൽകുന്നതിന് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ശമ്പള പരിഷ്കരണം എപ്പോൾ നടപ്പാക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കാമോ?

**<u>ഒല്ലൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ</u>**

1493 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 വരെയുള്ള ബജറ്റിൽ ഉൾപ്പെടുത്തി ഒല്ലൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2021 മുതൽ 2026 വരെയുള്ള ബജറ്റിൽ ഒല്ലൂർ മണ്ഡലത്തിന് ഇരുപതു ശതമാനം തുക അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

**<u>നാട്ടിക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ</u>**

1494 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ 2026 - 27 സാമ്പത്തിക വർഷത്തിൽ അവതരിപ്പിച്ച ബജറ്റിൽ നാട്ടിക മണ്ഡലത്തിൽ നിന്നുള്ള ഏതെല്ലാം പ്രവൃത്തികളാണ്

ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II -ൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് 20% തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**<u>പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക</u>**

1495 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഈ സർക്കാർ നിയമസഭയിൽ സമർപ്പിച്ച തൽസ്ഥിതി റിപ്പോർട്ടിൽ പരാമർശിക്കുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാന സർക്കാരിന് ലഭിച്ച റവന്യൂ ഡെഫിസിറ്റ് ഗ്രാൻഡ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ സംസ്ഥാന സർക്കാരിന് ഓരോ വർഷവും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>നെന്മാറയിലെ കാർഷിക കോളേജ് പദ്ധതിക്കുള്ള ബജറ്റ് വിഹിതം</u>**

1496 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കോൺസ്റ്റിറ്റ്യുവന്റ് അഗ്രികൾച്ചറൽ കോളേജ് സ്ഥാപിക്കുന്നതിനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

**<u>പാറശ്ശാല മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ</u>**

1497 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2026 ജനവരിയിൽ അവതരിപ്പിച്ച 2026 - 27 വർഷത്തെ സംസ്ഥാന ബജറ്റിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (വാല്യം II) -ൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തി 20% തുക വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബജറ്റിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പുതിയ മരാമത്ത് പ്രവൃത്തികൾക്ക് അനുമതി നൽകുകയോ തുക വകിയിരുത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കഴിഞ്ഞ ബജറ്റിൽ അനുബന്ധം II ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ പ്രവൃത്തികൾ, പുതിയ സർക്കാർ അധികാരത്തിൽ വന്ന സാഹചര്യത്തിൽ തുടർന്നും നടപ്പിലാക്കുന്നതിന് നിയമപരമായോ സാങ്കേതികമായോ തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത 20% ടോക്കൺ പ്രൊവിഷൻ അനുവദിച്ച് ബജറ്റിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം തന്നെ ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ബജറ്റ് വിഹിതം</u>

1498 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂൺ 19 -ന് അവതരിപ്പിച്ച ബജറ്റിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ബജറ്റ് വിഹിതത്തിൽ കുറവ് വരുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിഹിതം കുറച്ചാൽ നിലവിലെ ഭരണാനുമതി ഉത്തരവുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ;

(സി) ടെൻഡർ ചെയ്ത് കരാറിൽ ഏർപ്പെട്ട് ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കാൻ തടസ്സമുണ്ടാകുമോ;

(ഡി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ ബിൽ തുക കരാറുകാർക്ക് നൽകാൻ തടസ്സമുണ്ടാകാനിടയുണ്ടോ; വ്യക്തമാക്കാമോ?

**<u>ബജറ്റിൽ പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം</u>**

1499 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂൺ 19 -ന് അവതരിപ്പിച്ച ബജറ്റിൽ അധിക വിഭവ സമാഹരണത്തിന് നിർദേശങ്ങളുണ്ടായിരുന്നോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അധിക വിഭവ സമാഹരണം വഴി പ്രതീക്ഷിച്ച തുക എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(സി) ബജറ്റിൽ വിവിധ തരത്തിലുള്ള ഇളവുകൾ പ്രഖ്യാപിച്ചിരുന്നോ;

(ഡി) പ്രസ്തുത ഇളവുകൾ പ്രകാരം എത്ര കോടി രൂപയാണ് വരുമാനയിനത്തിൽ കുറവുണ്ടാകുകയെന്ന് അറിയിക്കാമോ?

**<u>2026 ജനുവരിയിൽ അവതരിപ്പിച്ച ബജറ്റിലെ ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ</u>**

1500 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജനുവരിയിൽ അവതരിപ്പിച്ച ബജറ്റിലെ ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളുടെ ലിസ്റ്റ് 2026 ജൂണിൽ അവതരിപ്പിച്ച ബജറ്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം മാറ്റം വരുത്തിയ പ്രവൃത്തികൾ മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**<u>ബജറ്റ് വിഹിതം</u>**

1501 **പ്രൊഫ. പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂൺ 19 -ന് അവതരിപ്പിച്ച വർക്സ് ബജറ്റിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ബജറ്റ് വിഹിതത്തിൽ കുറവ് വരുത്തിയിരുന്നോ; ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിഹിതം കുറച്ചാൽ നിലവിലെ ഭരണാനുമതി ഉത്തരവുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

(ബി) ടെൻഡർ ചെയ്ത് കരാറിൽ ഏർപ്പെട്ട് ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കാൻ തടസ്സമുണ്ടാകുമോ; നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ ബിൽ തുക കരാറുകാർക്ക് നൽകാൻ തടസ്സമുണ്ടാകാനിടയുണ്ടോ; വ്യക്തമാക്കാമോ;

(സി) 2026 ജൂൺ 19 -ന് അവതരിപ്പിച്ച ബജറ്റിൽ അധിക വിഭവ സമാഹരണത്തിന് നിർദ്ദേശങ്ങളുണ്ടായിരുന്നോ; അധിക വിഭവ സമാഹരണം വഴി പ്രതീക്ഷിച്ച തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ബജറ്റിൽ വിവിധ തരത്തിലുള്ള ഇളവുകൾ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഇളവുകൾ പ്രകാരം എത്ര കോടി രൂപയാണ് സർക്കാറിന് വരുമാനയിനത്തിൽ കുറവുണ്ടാകുകയെന്ന് വ്യക്തമാക്കാമോ?

## <u>പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷൻ</u>

1502 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നിയോഗിച്ച പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടി നൽകുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കും വരെ കമ്മീഷനിലെ ജീവനക്കാരെ തുടരാൻ അനുവദിക്കുമോ;

(സി) മുൻ സർക്കാർ അവതരിപ്പിച്ച ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ, 2026 - 27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ ഡിയർനെസ് അലവൻസ് ഇനത്തിൽ വകയിരുത്തിയ തുകയിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ക്ഷാമബത്ത കൃത്യമായി വിതരണം ചെയ്യുമെന്ന് ബജറ്റിൽ പരാമർശിക്കുകയും എന്നാൽ പുതുക്കി അവതരിപ്പിച്ച ബജറ്റിലെ

ആൾട്ടർനേഷൻ മെമ്മോറാണ്ടത്തിൽ ഡി.എ. കുറവ് ചെയ്തിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ബജറ്റിൽ കുറവ് വന്നത് മൂലം ജീവനക്കാർക്ക് ഡി.എ. നൽകാൻ എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് പരിഗണിക്കുന്നത്; വ്യക്തമാക്കാമോ?

**മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യക്ഷേമ പെൻഷൻ**

1503 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യക്ഷേമ പെൻഷൻ ഈ വർഷം മൂവായിരം രൂപയായി വർദ്ധിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ?

**സ്ത്രീ സുരക്ഷാ പദ്ധതി**

1504 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാത്ത മുപ്പത്തിയഞ്ച് മുതൽ അറുപത് വയസ്സ് വരെ പ്രായമുള്ളവർക്കായി സ്ത്രീ സുരക്ഷാ പദ്ധതി നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്കാണ് ലഭിച്ചിരുന്നത്; ഈ പദ്ധതി പ്രകാരമുള്ള തുകയുടെ വിതരണം നിലച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആനുകൂല്യം യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**അനെർട്ടിൽ ധനകാര്യ വകുപ്പ് നടത്തിയ പരിശോധന**

1505 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ ഏതെല്ലാം പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിനാണ് മുൻ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പ് പരിശോധന വിഭാഗം നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) അനെർട്ടിലെ വാഹന ദുരുപയോഗം സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന് പരാതി ലഭിച്ചിരുന്നോ; എങ്കിൽ ഇത്

സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ പകർപ്പും സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) സ്വന്തമായി ഇലക്ട്രിക് കാറുകൾ വാങ്ങുന്നതിന് അനെർട്ടിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണോ; മുൻ സർക്കാരിന്റെ കാലത്ത് എത്ര ഇലക്ട്രിക് കാറുകൾ വാങ്ങുന്നതിനാണ് അനുമതി നൽകിയത്; അനുമതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>**നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയാൻ നടപടി**</u>

1506 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിറ്റുമിൻ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെ അപ്രതീക്ഷിതമായ വിലക്കയറ്റം കാരണം സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടക്കുന്ന വിവിധ വികസന പദ്ധതികൾ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും പ്രവൃത്തികൾ തടസ്സപ്പെടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനും അടിയന്തര ഇടപെടലുകൾ ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

<u>**കാഞ്ഞങ്ങാട് മണ്ഡലത്തിൽ ബജറ്റിൽ ഉൾപ്പെട്ട പദ്ധതികളുടെ വിവരം**</u>

1507 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പദ്ധതികൾ ഏതെല്ലാം എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത് എന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(സി) ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾക്ക് ആയതിനുള്ള കാലതാമസം എന്താണെന്ന് പദ്ധതി തിരിച്ച് വിശദമാക്കാമോ?

<u>**സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടൽ**</u>

1508 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ വകുപ്പിന്റെ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം (എസ് .എസ് .എസ്) പദ്ധതിക്കായി കൈറ്റ് രൂപകൽപ്പന ചെയ്ത എസ്.എസ്.എസ്. വെബ് പോർട്ടലിന്റെ നിലവിലെ സ്ഥിതിയെ കുറിച്ച് അറിയിക്കാമോ; പോർട്ടൽ പൂർണമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സമയപരിധി എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) എസ് .എസ് .എസ്. വെബ് പോർട്ടലിന്റെ പ്രവർത്തനത്തിനാവശ്യമായ ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം പൂർത്തിയായിട്ടുണ്ടോ; സംസ്ഥാനത്ത് എസ്.എസ്.എസ്. പോർട്ടലുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) എസ്.എസ്.എസ്. വെബ് പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും ആയവ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

## <u>ചരക്ക് സേവന നികുതി ചോർച്ച</u>

1509 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി ചോർച്ച കണ്ടെത്തി തടയുന്നതിനായുള്ള ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആയത് ഫലപ്രദമാണോ;

(ബി) നികുതി വെട്ടിപ്പിന് സഹായകരമായ രീതിയിൽ ഫയൽ നടപടികളിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**ചെറുകിട സംരംഭങ്ങളുടെ ജി.എസ്.ടി. ബാധ്യതയും ലോട്ടറി ക്ഷേമ പദ്ധതികളും**

1510 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഹോംസ്റ്റേകൾ, സർവീസ്ഡ് വില്ലകൾ, കുടുംബ അധിഷ്ഠിത ടൂറിസം സംരംഭങ്ങൾ എന്നിവയ്ക്കും സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്കും ജി.എസ്.ടി. ബാധ്യതയും രജിസ്ട്രേഷൻ നടപടികളും വലിയ സാമ്പത്തിക ഭാരവും ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ഇളവുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാന ലോട്ടറി വിൽപ്പനക്കാർ നേരിടുന്ന വരുമാനക്കുറവും ഓൺലൈൻ ചൂതാട്ട പ്ലാറ്റ്ഫോമുകളുടെ വ്യാപനവും പരിഗണിച്ച് ലോട്ടറി ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനോ ക്ഷേമപദ്ധതികൾ വിപുലീകരിക്കുന്നതിനോ വേണ്ടിയുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി**

1511 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സാങ്കേതികാധിഷ്ഠിത സംവിധാനം നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് സ്വർണ്ണ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വ്യാപാരികളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

**ചരക്ക് സേവന നികുതി വെട്ടിപ്പ് തടയാൻ നടപടികൾ**

1512 **ശ്രീ. പി. കെ. നവാസ്**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യാപകമായി ചരക്കു സേവന നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) നടപ്പു സാമ്പത്തിക വർഷം ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം ഇത്തരം നികുതി വെട്ടിപ്പുകൾ കണ്ടുപിടിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിറ്റുവരവ് കുറച്ചു കാണിച്ചും ബില്ലുകൾ നൽകാതെയും നടത്തുന്ന തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ലോട്ടറി സമ്മാനത്തുകയുടെ വിതരണം

1513 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പ് വിറ്റഴിക്കപ്പെട്ട ടിക്കറ്റുകൾക്ക് സമ്മാനം ലഭിച്ചിട്ടും നിശ്ചിത കാലാവധിക്കുള്ളിൽ അവകാശവാദം ഉന്നയിക്കാത്തതിനാൽ വിതരണം ചെയ്യപ്പെടാതെ ശേഷിക്കുന്ന സമ്മാനത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും ക്ലെയിം ചെയ്യപ്പെടാതെ ശേഷിച്ച സമ്മാനത്തുക എത്രയായിരുന്നു;

(സി) ക്ലെയിം ചെയ്യപ്പെടാതെ ശേഷിക്കുന്ന ഈ സമ്മാനത്തുക നിലവിൽ ഏതു ഫണ്ടിലാണ് നിക്ഷേപിക്കുന്നത്;

(ഡി) ഈ സമ്മാനത്തുക പ്രത്യേക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കെ. എസ്. എഫ്. ഇ. യുടെ ലാഭവിഹിതം

1514 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കെ. എസ്. എഫ്. ഇ.യുടെ ലാഭവിഹിതമായി സർക്കാരിന് ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സി.എസ്.ആർ. ഫണ്ട് (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്) മുഖേന കെ.എസ്.എഫ്.ഇ. ചെലവഴിക്കുന്ന മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>കെ.എസ്.എഫ്.ഇ.യിലെ ജീവനക്കാരുടെ ജനറൽ ട്രാൻസ്ഫർ</u>**

1515 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പൊതുസ്ഥലമാറ്റ അപേക്ഷകൾ ക്ഷണിച്ചതിന് ശേഷം ജനറൽ ട്രാൻസ്ഫർ ഓർഡർ പുറപ്പെടുവിക്കുന്നതിന് മുൻപായി ഏതെങ്കിലും ഒരു വിഭാഗം ജീവനക്കാർക്ക് മാത്രമായി വ്യക്തിഗത പോസ്റ്റിംഗ് ഉത്തരവുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഭരണപരമായ കാരണങ്ങൾ (അഡ്മിനിസ്ട്രേറ്റീവ് ഗ്രൗണ്ട്സ്) എന്ന പൊതുമറുപടിക്ക് പകരം ഓരോ ഓർഡറിനും ആധാരമായ വ്യക്തമായ കാരണങ്ങളും ഫയൽ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുസ്ഥലമാറ്റ കരട് പട്ടികയിൽ (ഡ്രാഫ്റ്റ് ലിസ്റ്റ് ) നിശ്ചിതസമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്ത എത്ര ജീവനക്കാരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പൊതു മാനദണ്ഡങ്ങൾ നിലനിൽക്കേ അപേക്ഷിക്കാത്തവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കെ.എസ്.എഫ്.ഇ. മാനേജമെന്റോ, സർക്കാരോ, പ്രത്യേക ഉത്തരവുകളോ, നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) നിലവിലെ തസ്തികകളിൽ ജോലിയിൽ പ്രവേശിച്ച് ഒരു വർഷം പോലും പൂർത്തിയാക്കാത്തതും അപേക്ഷ സമർപ്പിക്കാത്തതുമായ എത്ര ജീവനക്കാരെയാണ് പ്രസ്തുത കരട് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; മാനദണ്ഡങ്ങൾ പൂർണ്ണമായും ലംഘിച്ചുകൊണ്ടുള്ള ഇത്തരം നടപടികൾ ഒഴിവാക്കി പഴയ തസ്തികകളിൽ തന്നെ നിലനിർത്തുവാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) അംഗീകൃത മാനദണ്ഡങ്ങൾ മറികടന്ന് സ്ഥലംമാറ്റങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മെഡിസെപ്പ്**

1516 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പല ആശുപത്രികളും ഈ പദ്ധതിയിൽ നിന്നും പിൻമാറുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) കൂടുതൽ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പല ആശുപത്രികളും മുൻകൂർ പണം ആവശ്യപ്പെടുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

**ഗവൺമെന്റ് പ്ലീഡർ നിയമനം**

1517 **ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഗവൺമെന്റ് പ്ലീഡർ തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾ മന്ത്രിസഭയുടെ അനുമതിയോടെ ആയിരുന്നോയെന്നും വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി എന്നാണ് ഉത്തരവ് നൽകിയതെന്നും നിയമനങ്ങൾക്ക് അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശ ഉണ്ടായിരുന്നോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) അഭിഭാഷകനായ കെ.ബി. പ്രദീപിനെ ദേവസ്വം സ്പെഷ്യൽ പ്ലീഡറായി നിയമിച്ചിരുന്നോ; എങ്കിൽ എന്നാണ് അദ്ദേഹം ചുമതല ഏറ്റെടുത്തതെന്നും എന്നാണ് പ്രസ്തുത സ്ഥാനത്ത് നിന്ന് രാജി സമർപ്പിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) ദേവസ്വം സ്പെഷ്യൽ പ്ലീഡറായി നിയമിച്ചതിന്റെ ഫലമായി ശബരിമല സ്വർണ്ണക്കൊള്ള കേസിലെ വിവരങ്ങൾ കെ.ബി. പ്രദീപിന് ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**സർക്കാർ പ്ലീഡർമാരുടെയും അഭിഭാഷകരുടെയും ശമ്പളം**

1518 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെ കേരള ഹൈക്കോടതിയിൽ സർക്കാരിന് വേണ്ടി കേസുകൾ വാദിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള പ്ലീഡർമാരുടെ വിവരവും അവർക്ക് ശമ്പള ഇനത്തിലും മറ്റ് തരത്തിലും നൽകിയിട്ടുള്ള തുകയുടെ വിശദാംശവും പ്രത്യേകം ലഭ്യമാക്കാമോ;

(ബി) സർക്കാരിനുവേണ്ടി സുപ്രീംകോടതിയിൽ കേസുകൾ വാദിക്കാൻ 2016 മുതൽ നാളിതുവരെ നിയമിക്കപ്പെട്ടിട്ടുള്ള സർക്കാർ അഭിഭാഷകരുടെയും കൗൺസിലർമാരുടെയും വിവരവും അവർക്ക് ശമ്പള ഇനത്തിലും മറ്റ് തരത്തിലും നൽകിയിട്ടുള്ള തുകയുടെ വിശദാംശവും പ്രത്യേകം ലഭ്യമാക്കാമോ?

**സുപ്രീംകോടതിയിലും ഹൈക്കോടതിയിലും മറ്റ് കോടതികളിലും വിവിധ കേസുകൾ**

1519 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതിയിലും ഹൈക്കോടതിയിലും മറ്റ് കോടതികളിലും വിവിധ കേസുകൾ വാദിക്കുന്നതിന് 2016 മുതൽ നാളിതുവരെ സർക്കാർ നിയമിച്ചിട്ടുള്ള പബ്ലിക് പ്രോസിക്യൂട്ടർമാർ, സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ, മറ്റ് അഭിഭാഷകർ എന്നിവരുടെ വിവരവും അവർക്ക് ശമ്പളയിനത്തിലും മറ്റ് തരത്തിലും നൽകിയിട്ടുള്ള തുക എത്രയെന്നും പ്രത്യേകം വ്യക്തമാക്കാമോ;

(ബി) സർക്കാർ നിയമിച്ചിട്ടുള്ള പ്രോസിക്യൂട്ടർമാർ, സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ എന്നിവർക്ക് പുറമെ കേസുകൾ വാദിക്കാൻ സുപ്രീം കോടതി, ഹൈക്കോടതി, മറ്റ് കോടതികൾ എന്നിവിടങ്ങളിൽ അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകൾക്ക് വേണ്ടിയാണെന്നും അതിന് വേണ്ടി നിയോഗിക്കപ്പെട്ട അഭിഭാഷകർക്ക് ഫീസിനത്തിലും യാത്രപ്പടിയായും മറ്റ് തരത്തിലും നൽകിയിട്ടുള്ള തുകകൾ എത്രയെന്ന് പ്രത്യേകം അറിയിക്കാമോ?

## കൈത്തറി മേഖലയുടെ ഉന്നമനം

1520 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി കരകൗശല വ്യവസായങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഡിജിറ്റൽ പ്ലാറ്റ്ഫോം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കൈത്തറി മേഖലയിൽ നൂതന യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിനും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കടുത്ത പ്രതിസന്ധി നേരിടുന്ന കൈത്തറി മേഖലയുടെ ഉന്നമനത്തിനും തൊഴിലാളികളുടെ ക്ഷേമത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ബീ കീപ്പിംഗ് കോഴ്സ്

1521 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ബോർഡ് നടത്തിയ ബീ കീപ്പിംഗ് കോഴ്സിന്റെ ദൈർഘ്യം എത്ര നാളാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോഴ്സിന്റെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്തിന്റെ

അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോഴ്സ് പൂർത്തിയാകുന്നതിന് മുമ്പ് ഖാദി ബോർഡ് 01.09.2025 ന് നൽകിയ സർട്ടിഫിക്കറ്റ് വിജയകരമായ പരിശീലനം പൂർത്തിയാക്കിയ ശേഷം വിദ്യാർത്ഥികൾക്ക് നൽകിയതാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>വിഴിഞ്ഞം തുറമുഖം പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി</u>**

1522 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖത്തെ ബന്ധിപ്പിക്കുന്ന റോഡിന്റെയും റെയിൽപാതയുടെയും നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദീകരിക്കാമോ;

(സി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലും സമീപ പ്രദേശങ്ങളിലും സ്ഥലം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;വിശദമാക്കാമോ;

(ഇ) എംപ്റ്റി കണ്ടെയ്നർ യാർഡ്,ട്രെയിലർ /ട്രക്ക് യാർഡ് എന്നിവയ്ക്ക് സ്ഥലം ഇനിയും ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ആലപ്പുഴ കടൽപ്പാലം

1523 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക സൗകര്യങ്ങളോടുകൂടി ആലപ്പുഴ തുറമുഖത്ത് പുതിയ കടൽപ്പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

## താനൂർ ബോട്ട് അപകടം

1524 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ തൂവൽ തീരം ബോട്ടപകടത്തിൽ മരണപ്പെട്ടവർക്കും അപകടത്തിൽപ്പെട്ടവർക്കും മുൻ സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരങ്ങൾ എന്തെല്ലാമാണെന്ന് വ്യകതമാക്കാമോ; അതിൽ എത്ര പേർക്കാണ് ബാക്കി തുക നൽകാനുള്ളത്; നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; അപകടത്തിൽപ്പെട്ടവരുടെ തുടർ ചികിത്സ സർക്കാർ ഏറ്റെടുത്തിരുന്നോ; ഇത് സംബന്ധിച്ച് വകുപ്പിന് പരാതി ലഭിച്ചിരുന്നോയെന്ന് വ്യകതമാക്കാമോ;

(ബി) ഇരുപത്തിരണ്ട് പേർ മരണപ്പെട്ട പ്രസ്തുത സംഭവത്തിൽ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പും ഇത് സംബന്ധിച്ച എഫ്.ഐ.ആർ.ന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) അപകടത്തിൽപ്പെട്ട ബോട്ടിന്റെ മോഡിഫിക്കേഷനുമായി ബന്ധപ്പെട്ട് പോർട്ട് ഓഫീസിൽ ബോട്ട് ഉടമ നൽകിയ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അപകടത്തെ സംബന്ധിച്ച് പോർട്ട് ഓഫീസിൽ വിവിധ ഓഫീസർമാർ നടത്തിയ ഫയൽ നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇത് സംബന്ധിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി ഉണ്ടായതെന്നും അവരുടെമേൽ ചുമത്തിയ കുറ്റം എന്താണെന്നും വ്യക്തമാക്കാമോ?

## വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

1525 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്ക് കപ്പൽ വരുന്നതിന് കപ്പൽച്ചാൽ ആഴം കൂട്ടുന്നതിനെ തുടർന്ന് ഫോർട്ട് കൊച്ചി ബീച്ചിന്റെ തീരപ്രദേശത്തിന് ശോഷണം സംഭവിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കപ്പൽച്ചാലിൽ നിന്ന് നീക്കം ചെയ്യുന്ന മണ്ണ് ചെല്ലാനം തീരപ്രദേശത്ത് ടെട്രാപോഡുകൾ സ്ഥാപിച്ചിരിക്കുന്ന ഭാഗത്ത് നിക്ഷേപിച്ച് തീര സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>**താനൂർ മണ്ഡലത്തിൽ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾ**</u>

1526 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിൽ ദേവസ്വത്തിന് കീഴിൽ ഏതെല്ലാം ക്ഷേത്രങ്ങളാണുള്ളതെന്നും പ്രസ്തുത ക്ഷേത്രങ്ങളിൽ കഴിഞ്ഞ പത്ത് വർഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങൾക്ക് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**ദേവാരണ്യം പദ്ധതി**</u>

1527 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ പരിസരം ഹരിതാഭമാക്കാൻ ദേവസ്വം വകുപ്പ് ദേവാരണ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി) ദേവസ്വം ബോർഡിന് കീഴിൽ തരിശായിക്കിടക്കുന്ന ഭൂമിയിലും പ്രസ്തുത പദ്ധതി നടപ്പാക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ദേവസ്വങ്ങൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലും പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ?

**<u>ദേവസ്വം ജീവനക്കാരുടെ മോശമായ പെരുമാറ്റം നിയന്ത്രിക്കാൻ നടപടി</u>**

1528 **ശ്രീ. വി. ടി. ബൽറാം**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിൽ എത്തുന്ന ഭക്തരോട് മോശമായി പെരുമാറുന്നത് തടയാൻ ദേവസ്വം ജീവനക്കാർക്ക് പരിശീലനം നൽകി പ്രൊഫഷണൽ രീതി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജീവനക്കാർക്ക് ക്ഷേത്രാചാരങ്ങളെക്കുറിച്ചും അനുഷ്ഠാനങ്ങളെക്കുറിച്ചും അറിവില്ലാത്തതിനാൽ ഓരോ ക്ഷേത്രങ്ങളിലെയും അനുഷ്ഠാനങ്ങളെക്കുറിച്ച് പ്രത്യേക പരിശീലനം നൽകുമോ; വിശദമാക്കുമോ;

(സി) ക്ഷേത്രങ്ങളിൽ എത്തുന്നവർക്ക് പൂജകളെയും വഴിപാടുകളെയും കുറിച്ച് വിശദമായി പറഞ്ഞു മനസ്സിലാക്കുന്നതിന് ജീവനക്കാരെ നിയോഗിക്കാൻ തീരുമാനമുണ്ടോ; വിശദമാക്കുമോ?

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അക്കൗണ്ടുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി</u>**

1529 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ 1250 ക്ഷേത്രങ്ങളുടെയും അക്കൗണ്ടുകൾ ഡിജിറ്റൈസ് ചെയ്യുന്ന സമഗ്രമായ പദ്ധതിയുടെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി രൂപീകരിച്ചിരിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേക്ക് (പി.എം.യു.) വിദഗ്ധരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേക്ക് ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ**

1530 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാകൂർ ദേവസ്വം ബോർഡിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എത്ര നിയമനങ്ങൾ ഏതെല്ലാം തസ്തികകളിൽ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഏതെല്ലാം റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത്; ഓരോന്നിന്റെയും കാലാവധി എന്നാണ് അവസാനിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) എൻ.ജെ.ഡി., പെൻഷൻ, പ്രൊമോഷൻ വഴി ഉണ്ടാകുന്ന എത്ര ഒഴിവുകൾ ഏതെല്ലാം തസ്തികകളിൽ റിക്രൂട്ട്മെന്റ് ബോർഡിൽ റിപ്പോർട്ട് ചെയ്യാനുണ്ട്; ലിസ്റ്റുകളുടെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

**ദേവസ്വം വകുപ്പിനുകീഴിലുള്ള വസ്തുവകകൾ വീണ്ടെടുക്കാൻ നടപടി**

1531 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന് കീഴിലുള്ള നഷ്ടപ്പെട്ട വസ്തുവകകളും മറ്റ് സമ്പത്തുകളും ബന്ധപ്പെട്ട ദേവസ്വങ്ങൾക്ക് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിലേയും ദേവസ്വങ്ങളിലേയും അഴിമതികൾ തുടച്ചുനീക്കാൻ സത്വര ഫലം കിട്ടുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**ആറ്റിങ്ങൽ ക്ഷേത്ര കലാപീഠം**

1532 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ പ്രവർത്തിക്കുന്ന ക്ഷേത്ര കലാപീഠത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**പാലാ മണ്ഡലത്തിലെ ശബരിമല ഇടത്താവളങ്ങളുടെ വികസനം**

1533 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ കടപ്പാട്ടൂർ ശ്രീ മഹാദേവക്ഷേത്രം, അന്തിനാട് ശ്രീ മഹാദേവക്ഷേത്രം, ഇളംകുളം ശ്രീ ശാസ്താക്ഷേത്രം, രാമപുരം പള്ളിയമ്പുറം ശ്രീ മഹാദേവക്ഷേത്രം, തൃക്കയിൽ ശ്രീ മഹാദേവക്ഷേത്രം, വെള്ളാപ്പാട് ദേവീക്ഷേത്രം ഉൾപ്പെടെയുള്ള ശബരിമല ഇടത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും വികസന മുരടിപ്പും കാരണം ഭക്തർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിരവധി ഭക്തർ എത്തുന്ന പ്രസ്തുത സ്ഥലങ്ങളിൽ ഭക്തരുടെ ആവശ്യങ്ങൾ പരിഗണിച്ച് വികസനം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പുനലൂർ മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ**

1534 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ ഏതെങ്കിലും ക്ഷേത്രങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ പ്രസ്തുത ക്ഷേത്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**അമ്പലക്കുളങ്ങളുടെ നവീകരണം**

1535 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിലുള്ള പാലാ നിയോജക മണ്ഡലത്തിലെ രാമപുരം വെള്ളിലാപ്പിള്ളി ശ്രീ കാർത്തിയാനി ദേവീക്ഷേത്ര കുളം, വെള്ളിലാപ്പിള്ളി ശക്തീശ്വരം ശ്രീ മഹാദേവക്ഷേത്രക്കുളം, കൊണ്ടാട് ശ്രീ ധർമ്മാശാസ്താക്ഷേത്രക്കുളം തുടങ്ങിയവ യഥാസമയം വൃത്തിയാക്കാത്തതിനാലും അറ്റകുറ്റപ്പണി നടത്താത്തതുമൂലവും മലിനപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്ഷേത്രക്കുളങ്ങൾ നല്ല രീതിയിൽ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രതിച്ഛായ ഉയർത്താൻ നടപടി</u>**

1536 **ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്വർണ്ണക്കൊള്ളയുൾപ്പെടെയുള്ള ക്രമക്കേടുകളിൽ പങ്കാളികളും ആരോപണ വിധേയരുമായ ഉദ്യോഗസ്ഥർക്ക് നിർണായക തസ്തികകളിൽ നിയമനം നൽകിക്കൊണ്ടുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) വിശ്വാസികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായ നിയമന/സ്ഥലംമാറ്റ തീരുമാനങ്ങൾ അടങ്ങിയ പ്രസ്തുത സർക്കുലർ പുനഃപരിശോധിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ ദേവസ്വം ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നഷ്ടപ്പെട്ട പ്രതിച്ഛായയും പ്രവർത്തനങ്ങളുടെ വിശ്വാസ്യതയും വീണ്ടെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ?

**<u>മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ നവീകരണം</u>**

1537 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ ഇപ്പോൾ ആരുടെ ഉടമസ്ഥതയിൽ ആണെന്ന് വെളിപ്പെടുത്താമോ;

(ബി) നവീകരണ പ്രവൃത്തി പൂർത്തിയാക്കി പ്രസ്തുത സ്ഥാപനം കാൻസർ രോഗികൾക്ക് ആവശ്യമായ ചികിത്സ നൽകാൻ ഉതകുന്ന ഒരുസ്ഥാപനമായി മാറ്റണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിന്ന് രോഗികൾക്ക് ചികിത്സ സൗകര്യം എന്ന് മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**സർക്കാർ ആശുപത്രികളിൽ വെർച്വൽ ഓട്ടോപ്സി**

1538 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വെർച്വൽ ഓട്ടോപ്സി ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ,

(ബി) വെർച്വൽ ഓട്ടോപ്സി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏത് ഏജൻസി മുഖാന്തരമാണ് പഠനം നടത്തിയത് എന്ന് വ്യക്തമാക്കാമോ, വിശദവിവരം നൽകാമോ;

(സി) വെർച്വൽ ഓട്ടോപ്സി നടപ്പിലാക്കുന്നതിന് എത്ര തുക ചെലവ് വരുമെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ആദ്യ ഘട്ടത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് വെർച്വൽ ഓട്ടോപ്സി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ആരോഗ്യ കേരളം**

1539 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോഗ്യ കേരളം എന്ന സങ്കൽപ്പം മങ്ങിപ്പോയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ

ആരോഗ്യ കേരളം എന്ന കാഴ്ചപ്പാട് പുനസ്ഥാപിക്കാൻ സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെപ്പറ്റി വിശദീകരിക്കാമോ?

**<u>ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി</u>**

1540 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കല്ലട മാഹിൻ**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുജനാരോഗ്യ മേഖലയിലെ സൗകര്യങ്ങളുടെ ഗുണനിലവാരം ക്ഷയിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>പകർച്ച വ്യാധികളെ സംബന്ധിച്ച പഠനം</u>**

1541 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഘടന എപ്രകാരമാണെന്ന് അറിയിക്കുമോ;

(സി) സമിതിയുടെ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

**<u>സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ചെലവിനത്തിലെ വർദ്ധനവ്</u>**

1542 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ചെലവിനത്തിൽ 80 മുതൽ 120 ശതമാനം വരെ വർദ്ധനവ് ഉണ്ടായത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വകാര്യ ആശുപത്രികളിലെ അമിത നിരക്കുകൾ നിയന്ത്രിക്കാൻ സർക്കാർ എന്തൊക്കെ ഇടപെടലുകൾ നടത്തുമെന്ന് വിശദമാക്കാമോ?

## മാനന്തവാടി മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ വികസന പദ്ധതികൾ

1543 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ മാനന്തവാടി മണ്ഡലത്തിൽ ആരോഗ്യമേഖലയിലെ വികസന പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാനന്തവാടി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇത്തരത്തിൽ തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഷിഗല്ല പകർച്ചവ്യാധി

1544 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഷിഗല്ല 'പകർച്ചവ്യാധി കേരളത്തിൽ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെയായി എത്രപേർക്ക് ടി വൈറസ് ബാധിച്ചുവെന്ന് വിശദീകരിക്കാമോ?

## ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം

1545 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡിജിറ്റൽ ആരോഗ്യ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ച പുതിയ നടപടികൾ എന്തൊക്കെയാണ്; ഇതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനം നിലവിൽ എത്ര ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

**<u>അപൂർവ്വ രോഗങ്ങൾ</u>**

1546 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ ഏഴായിരത്തോളം വരുന്ന അപൂർവ്വരോഗങ്ങൾ റിപ്പോർട്ട് ചെയ്തതിൽ എത്രതരം അപൂർവ്വ രോഗങ്ങൾ കേരളത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിവരങ്ങൾ നൽകാമോ;

(ബി) ഇപ്രകാരം അപൂർവ്വരോഗങ്ങളാൽ പ്രയാസമനുഭവിക്കുന്നവരുടെ സഹായത്തിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ തലത്തിൽ ഉള്ളതെന്നും ആയത് വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) അപൂർവ്വരോഗങ്ങളാൽ കഷ്ടപ്പെടുന്ന രോഗികൾക്കും കുടുംബത്തിനും ആശ്വാസമേകുന്ന വിധത്തിൽ ഒരു 'റെയർ ഡിസീസ് പോളിസി' പ്രഖ്യാപിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

**<u>എസ് .എം. എ. രോഗത്തിന് ധനസഹായം</u>**

1547 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപൂർവ്വ ജനിതക രോഗമായ എസ്. എം. എ. (സ്പൈനൽ മസ്കുലാർ അട്രോഫി) ബാധിച്ച് സർക്കാർ സംവിധാനങ്ങൾ വഴിയുള്ള ധനസഹായത്തോടെ മരുന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കുട്ടികളുടെ ചികിത്സക്കായി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മരുന്ന് വിതരണം തടസ്സമില്ലാതെ തുടരുന്നതിനായി കൂടുതൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കാമോ;

(ഡി) എസ്. എം. എ. രോഗത്തിന് നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ മരുന്നുകൾ ക്ലിനിക്കൽ ട്രയലുകൾക്കും സുരക്ഷാ പരിശോധനകൾക്കും വിധേയമാക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

## വെൽനസ് സെന്ററുകൾ

1548 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെൽനസ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) വെൽനസ് സെന്ററുകൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ സ്ഥലംമാറ്റങ്ങൾ

1549 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ സ്ഥലംമാറ്റങ്ങൾ നടത്താൻ എൻ.ജി.ഒ. അസോസിയേഷൻ എന്ന സർവീസ് സംഘടന കത്ത് നൽകിയിരുന്നോ; നൽകിയെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റ ഉത്തരവ് ഇറങ്ങിയിരുന്നോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കത്തിൽ ഒപ്പിട്ട സർവീസ് സംഘടന പ്രവർത്തകന്റെ/ പ്രവർത്തകയുടെ പേര് എന്താണെന്നും ആരോഗ്യ വകുപ്പിൽ വഹിക്കുന്ന ഔദ്യോഗിക സ്ഥാനം എന്താണെന്നും വിശദമാക്കാമോ;

(ഡി) സർവ്വീസ് ചട്ടങ്ങൾ ലംഘിച്ച് തന്റെ മേലധികാരിക്ക് സ്ഥലംമാറ്റേണ്ടവരുടെ പേരുകൾ നൽകിയ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ വകുപ്പുതല അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പകർച്ചവ്യാധികളും മറ്റും വർദ്ധിച്ചുവരുന്ന സന്ദർഭത്തിൽ ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർമാരുടെ സേവനം

അവസാനിപ്പിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉത്തരവ് ഇറക്കാനുള്ള അടിയന്തര സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(എഫ്) ദേശീയ ആരോഗ്യ ദൗത്യത്തിലേക്ക് 2026-27 വർഷം മുതൽ അന്യത്ര സേവനം വഴിയുള്ള നിയമനങ്ങൾ പാടില്ല എന്നും അഥവാ നിയമിക്കുകയാണെങ്കിൽ സംസ്ഥാന സർക്കാർ തുക കണ്ടെത്തണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശം ഉണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ജി) നിലവിൽ എല്ലാ ജില്ലകളിലും ജില്ലാ പ്രോഗ്രാം മാനേജർമാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥർക്കുള്ള ശമ്പളം സംസ്ഥാന സർക്കാർ നൽകുമോ; പ്രസ്തുത മാനേജർമാർക്ക് നിയമനം നൽകിയത് അപേക്ഷകൾ ക്ഷണിച്ച്, അഭിമുഖ പരീക്ഷ നടത്തി, വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലാണോ; വിശദമാക്കാമോ?

**<u>ഗോൾഡൻ അവർ പ്രോജക്ട്</u>**

1550 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സയിലെ കാലതാമസം ഒഴിവാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗോൾഡൻ അവർ പ്രോജക്ട് സഹായകമാകുമോ;

(ബി) അടിയന്തര വൈദ്യസഹായം ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുള്ള ഗോൾഡൻ അവർ പ്രോജക്ടിൽ ഏതെല്ലാം തലത്തിലുള്ള ആശുപത്രികളെയും വകുപ്പുകളെയുമാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യസ്ഥാപനങ്ങളുടെ ഡിജിറ്റൽ ഏകോപനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; ഒരു രോഗിയുടെ ചികിത്സാ റെക്കോർഡ് സൂക്ഷിക്കുകയും തുടർചികിത്സയ്ക്ക് ലഭ്യമാക്കുകയും ചെയ്യുവാൻ ഈ ഡിജിറ്റൽ ഏകോപനം വഴി സാധിക്കുമോ?

**<u>കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതി</u>**

1551 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതിയ്ക്ക് കീഴിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റിക്കുള്ള ബജറ്റ് വിഹിതം നിലവിലെ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ഉപയോഗിക്കുമോ;

(സി) കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതിയിൽ ഏതെല്ലാം ആശുപത്രികളും സ്ഥാപനങ്ങളുമാണ് ഉൾപ്പെടുന്നത് ; ആയുർവേദം, ഹോമിയോ തുടങ്ങിയ മറ്റു മേഖലയിലെ ആശുപത്രികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

**<u>അവയവ ദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി</u>**

1552 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പോളിസിയും പദ്ധതികളും നടപടിക്രമങ്ങളും വിശദമാക്കാമോ;

(ബി) മരണപ്പെട്ടവരുടെ അവയവ ദാനവുമായി ബന്ധപ്പെട്ട് ദാതാവിനും സ്വീകർത്താവിനും ബാധകമായിട്ടുള്ള മാനദണ്ഡങ്ങളും അർഹതയും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) മരണവുമായി ബന്ധപ്പെട്ട കേസുകളിൽ അവയവങ്ങൾ ദാതാവിൽ നിന്നും എടുത്ത് മാറ്റുന്നതിനുള്ള ചെലവ് ദാതാവിന്റെ ബന്ധുക്കൾ വഹിക്കേണ്ടതുണ്ടോ;വ്യക്തമാക്കാമോ;ആയതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

**<u>പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ</u>**

1553 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രിതമായി നടപ്പിലാക്കുന്നതിന് ഉന്നതാധികാര സമിതി രൂപീകരിച്ചോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സമിതിയുടെ മേൽനോട്ടത്തിൽ എപ്പിഡമിക് കലണ്ടർ തയ്യാറാക്കുമോ;സംസ്ഥാന ജില്ലാതലങ്ങളിൽ ഔട്ട് ബ്രേക്ക് മോണിറ്ററിംഗ് യൂണിറ്റും ആക്ഷൻ കമ്മിറ്റികളും രൂപീകരിക്കുമോ;വ്യക്തമാക്കുമോ?

## <u>പകർച്ചവ്യാധി കേസുകൾ</u>

1554 **ഡോ. ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ശുചീകരണ പ്രവർത്തനങ്ങളും മഴക്കാലപൂർവ്വ ശുചീകരണവും ശരിയായി നടത്താത്തതുകൊണ്ട് പകർച്ചവ്യാധി കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായെന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുമോ;

(ബി) ഷിഗെല്ല പോലുള്ള രോഗങ്ങൾ ഉണ്ടായിട്ടും സംസ്ഥാനത്തെ പല തട്ടുകടകളും ഹോട്ടലുകളും വൃത്തിയായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ;

(സി) കുപ്പിവെള്ളത്തിന്റെ കാനുകളിൽ ശുദ്ധീകരിക്കാത്ത വെള്ളം സിറിഞ്ച് ഉപയോഗിച്ച് നിറയ്ക്കുന്നതായ ആരോപണത്തെ കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമോ;

## <u>നിപ്പ പ്രതിരോധ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി</u>

1555 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര പേർക്കാണ് നിപ സ്ഥിരീകരിച്ചത്;രോഗം ഭേദമായവരുണ്ടോ;വ്യക്തമാക്കാമോ;

(ബി) നിപ പ്രതിരോധ മരുന്ന് ലഭ്യമാക്കുന്നതിന് സർക്കാർ നടത്തിയ അടിയന്തര ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**ആരോഗ്യ വകുപ്പിലെ പ്രവർത്തനങ്ങൾ**

1556 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം ഉണ്ടാവാതിരിക്കാനുള്ള എന്തൊക്കെ മുൻകരുതലുകളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ആദിവാസി മേഖലകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രി കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

1557 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (കെ.എ.എസ്.പി.)-യെ കുറിച്ചും പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള മലപ്പുറം ജില്ലയിലെ ഹോസ്പിറ്റലുകളെ കുറിച്ചും വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ പുതിയ അംഗങ്ങളെ ചേർക്കാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പ്രവാസികൾക്കോ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കോ ഈ പദ്ധതിയിൽ അംഗങ്ങളാകാൻ സാധിക്കാത്തത് വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്.അവർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന രീതിയിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രവാസികളെയോ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരെയോ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ലെങ്കിൽ അവർക്ക് മാത്രമായി പുതിയ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

## ഇ ഹെൽത്ത് പദ്ധതി

1558 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയെ കുറിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായി സജ്ജമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രാഥമിക,കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെയും താലൂക്ക്, ജില്ല,ജനറൽ ഹോസ്പിറ്റലുകളെയും മെഡിക്കൽ കോളേജുകളെയും ഒരൊറ്റ ഡിജിറ്റൽ ശൃംഖലയിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്കായി അനുവദിച്ച പദ്ധതികൾ

1559 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്കായി അനുവദിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക,നിർവഹണ ചുമതലയുള്ള വകുപ്പ്,അവയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ?

**ആര്യനാട് സി.എച്ച്.സി., വീരണകാവ് എഫ്.എച്ച്.സി. എന്നിവയുടെ പ്രവർത്തന പുരോഗതി**

1560 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാലയളവിൽ നവകേരള സദസ് പദ്ധതി പ്രകാരം അനുവദിച്ച ആര്യനാട് സി.എച്ച്.സി.,വീരണകാവ് എഫ്.എച്ച്.സി.എന്നീ ആരോഗ്യസ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) കാലതാമസം കൂടാതെ ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**മെഡിക്കൽ കോളേജിലെ ഉദ്യോഗസ്ഥർക്ക് ചേതന എന്ന സ്ഥാപനവുമായുള്ള ബന്ധം**

1561 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിൽ മെഡിക്കൽ കോളേജിനു സമീപം സ്ഥാപിച്ചിട്ടുള്ള ചേതനയെന്ന സ്ഥാപനത്തിന് മെഡിക്കൽ കോളേജിലെ ചില ഉദ്യോഗസ്ഥരുമായി തെറ്റായ ബന്ധങ്ങൾ ഉണ്ടെന്നുള്ള ആരോപണങ്ങൾ,സ്ഥാപനത്തിൻെറ വാഹനങ്ങളുടെ ഉപയോഗത്തിലെ ക്രമക്കേടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതേപ്പറ്റി സത്യസന്ധവും സത്വരവുമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ചേതന എന്ന സ്ഥാപനത്തിൽ കൃത്യമായി ഓഡിറ്റ് നടക്കാത്തതിനാലും വരവ് ചെലവ് കണക്കുകളിൽ പൊതുജനങ്ങൾക്ക് സംശയമുള്ളതിനാലും കണക്ക് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

**കോഴിക്കോട് മെഡിക്കൽ കോളേജിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

1562 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ

നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

**<u>മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ഒപി ബ്ലോക്ക്</u>**

1563 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പുതുതായി ഒ.പി ബ്ലോക്ക്,റേഡിയോളജി & ലബോറട്ടറി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനായി എൻ.എച്ച്.ബി. യു.ഐ.ഡി.എഫ്. പ്രൊജക്ടിൽ ഉൾപ്പെടുത്തി സർക്കാരിൽ സമർപ്പിച്ച 82.73 കോടി രൂപയുടെ പ്രൊപ്പോസലിന്റെ നിലവിലുള്ള പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;വ്യക്തമാക്കാമോ;

(സി) എങ്കിൽ അവ പരിഹരിച്ച് എത്രയും വേഗം ഭരണാനുമതി നൽകുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>തിരുവനന്തപുരം ആർ. സി. സി. ലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത്</u>**

1564 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) ക്യാൻസർ ചികിത്സയ്ക്കായി കേരളത്തിൽ നിലവിൽ ലഭ്യമായ സൗകര്യങ്ങൾ വിശദീകരിക്കാമോ;

(സി) തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിലെ നിലവിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ രോഗികളും ജീവനക്കാരും തമ്മിലുള്ള അനുപാതം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;രോഗി ഡോക്ടർ അനുപാതം കുറവാണെങ്കിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദീകരിക്കാമോ?

**<u>കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം</u>**

1565 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനിടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി (എഫ് .എച്ച്. സി ) ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം എത്രയാണ്;അവ ഏതെല്ലാമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**<u>പെരുമ്പാവൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രി കെട്ടിടം</u>**

1566 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രി കെട്ടിടം കാലപ്പഴക്കം മൂലം ജീർണ്ണാവസ്ഥയിലാണ്. ദിനംപ്രതി നൂറ് കണക്കിന് രോഗികൾ ചികിത്സക്കായി എത്തുന്ന ഈ ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുവാൻ നടപടി സ്വീകരിക്കുമോ;

**<u>മയ്യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി</u>**

1567 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും രോഗികൾ ഏറെ ആശ്രയിക്കുന്നതുമായ മയ്യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ നിലവിലുണ്ടോ;എങ്കിൽ മയ്യിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള നടപടി സ്വീകരിക്കുമോ?

**<u>പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ആരോഗ്യ വകുപ്പിനു കീഴിലെ പ്രവൃത്തികൾ</u>**

1568 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം ഇഞ്ചിയാനി സബ് സെന്റർ,കുന്നോന്നി സബ് സെന്റർ,പെരിങ്ങുളത്ത് സബ് സെന്റർ,കോരുത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം സബ് സെന്റർ,ഇടക്കുന്നം - പാലാമ്പ്രയിലെ സബ് സെന്റർ എന്നീ ആരോഗ്യ കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പൂഞ്ഞാർ തെക്കേക്കര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

## <u>എരുമപ്പെട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ വിപുലീകരണം</u>

1569 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായം ഉപയോഗപ്പെടുത്തി കുന്നംകുളം മണ്ഡലത്തിൽ എരുമപ്പെട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം പൂർത്തീകരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒ.പി. വിപുലീകരിക്കുന്നതിനും ഐ.പി. ആരംഭിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതിനാവശ്യമായ ഡോക്ടർമാരേയും പാരമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## <u>കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ</u>

1570 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികൾ,കുടുംബാരോഗ്യ കേന്ദ്രങ്ങൾ,സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ആരോഗ്യസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ?

**കാസറഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ ടാറ്റ ഹോസ്പിറ്റൽ**

1571 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിലുള്ള ചട്ടഞ്ചാൽ ടാറ്റ ഹോസ്പിറ്റൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇവിടെ അനുവദിച്ച തസ്തികകളിലുള്ള ഡോക്ടർമാർ അടക്കമുള്ള ജീവനക്കാർ നിലവിൽ എവിടെയാണ് ജോലി ചെയ്യുന്നത് ; അതിൽ ജില്ലയ്ക്ക് പുറത്ത് ഏതെങ്കിലും ആശുപത്രിയിൽ ജോലി ചെയ്യുന്നവരുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഹോസ്പിറ്റൽ പ്രവർത്തനരഹിതമാണെങ്കിൽ ഈ സ്ഥലം പ്രയോജനപ്പെടുത്തി ഇവിടെ പുതിയ ആശുപത്രി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**കടയ്ക്കൽ താലൂക്ക് ആശുപത്രിയുടെ വികസനം**

1572 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയായ കടയ്ക്കൽ താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കടയ്ക്കൽ താലൂക്ക് ആശുപത്രിയുടെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി ആശുപത്രിയുടെ സമീപത്ത് തന്നെയുള്ള 22 സെന്റ് റവന്യൂ ഭൂമി ആരോഗ്യവകുപ്പിന് വിട്ട് നൽകാൻ ഉത്തരവ് ആയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ചടയമംഗലം മണ്ഡലത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ചികിത്സയ്ക്കായി എത്തിച്ചേരുന്ന കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും അപര്യാപ്തത

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## തിരൂർ ജില്ലാ ആശുപത്രിയിലെ ക്യാൻസർ ചികിത്സ

1573 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജിക്ക് വേണ്ടി നിർമ്മിച്ചിട്ടുള്ള ബഹുനില കെട്ടിടത്തിൽ ക്യാൻസർ രോഗ നിർണയവും ചികിത്സയും നടത്തുന്നതിന് വേണ്ടി നിലവിൽ എന്തെല്ലാം സൗകര്യങ്ങളുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) തിരൂർ ജില്ലാ ആശുപത്രിയിൽ 2011-16 സർക്കാരിന്റെ കാലഘട്ടത്തിൽ അനുവദിച്ച ക്യാൻസർ ചികിത്സ കേന്ദ്രം പൂർണ്ണസജ്ജമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ തുക എത്രയാണ് എന്ന് അറിയിക്കാമോ?

(സി) തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി ബ്ലോക്ക് സുസജ്ജമാക്കുന്നതിനും മികച്ച ഒരു ക്യാൻസർ ചികിത്സ കേന്ദ്രമാക്കുന്നതിനും സർക്കാർ ഫണ്ട് അനുവദിക്കുമോ എന്ന് അറിയിക്കാമോ?

(ഡി) തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി ബ്ലോക്ക് സുസജ്ജമാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിൽ തടസ്സമുണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

## പുനലൂർ താലൂക്ക് ആശുപത്രിയിലെ കാത്ത് ലാബ് നിർമ്മാണം

1574 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ താലൂക്ക് ആശുപത്രിയിൽ നവകേരളം പദ്ധതിയിലുൾപ്പെടുത്തി കാത്ത് ലാബ് നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത ഏജൻസി ആരാണെന്നും തുടർ പ്രവർത്തനങ്ങൾക്കുള്ള തടസം എന്താണെന്നും വിശദമാക്കാമോ?

**പൈക പി.എച്ച്.സി.**

1575 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ പൈക പി.എച്ച്.സി. ക്ക് ആവശ്യമായ സ്ഥലം സംഭാവന ചെയ്യുകയും പാലായിലെ സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നിറസാന്നിദ്ധ്യവുമായിരുന്ന മത്തച്ചൻകുരുവിനാ കുന്നേലിന്റെ പേര് പ്രസ്തുത ആശുപത്രിക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ആശുപത്രിക്ക് മത്തച്ചൻകുരുവിനാ കുന്നേലിന്റെ പേര് നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജൻ നിയമനം**

1576 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സർജൻ തസ്തിക നിലവിലില്ലാത്ത ജില്ലാ ആശുപത്രികൾ ഏതൊക്കെയാണെന്ന വിവരം നൽകാമോ; ഇതിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ജില്ലാ ആശുപത്രികളിലും ഫോറൻസിക് സർജനെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിലെ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ തസ്തികകൾ**

1577 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയമസഭ മണ്ഡലത്തിലെ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ ഉദ്യോഗസ്ഥർ ഇല്ലാത്ത തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ സ്ഥലംമാറ്റം**

1578 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. റീനയെ സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; സ്ഥലംമാറ്റാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയമന രീതി എപ്രകാരമാണെന്ന് അറിയിക്കാമോ; ഡോ.റീനയുടെ കാലാവധി നീട്ടി നൽകാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; കാലാവധി അവസാനിപ്പിക്കാൻ ഏത് തലത്തിലാണ് ഉത്തരവ് നൽകിയത്;

(സി) ഡോ.റീനയുടെ സ്ഥലംമാറ്റത്തിനുള്ള കാരണം 15 ദിവസത്തെ അവധിയിൽ പ്രവേശിച്ചതാണെന്ന ഉത്തരവിലെ പരാമർശം വസ്തുതാപരമാണോ; വ്യക്തമാക്കാമോ;

(ഡി) ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ (കെ.എം.എസ്.സി.എൽ. ) നിയമനങ്ങൾ</u>**

1579 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 30 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ (കെ.എം.എസ്.സി.എൽ.) കരാറടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും പുനർ നിയമനവുമായി നടന്നിട്ടുള്ള നിയമനങ്ങളെകുറിച്ചും അപ്രകാരം നിയമിക്കപ്പെട്ടവരിൽ ഇപ്പോഴും തുടരുന്നവരെ കുറിച്ചുമുള്ള വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ കരാർ നീട്ടി നൽകിയതിന്റെ വിശദാംശങ്ങളും നിലവിൽ ജോലി ചെയ്യുന്നവരുടെ കരാർ ഏറ്റവും ഒടുവിൽ നീട്ടി നൽകിയതെന്നാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ നിയമനം പി .എസ് .സി / എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന്

വ്യക്തമാക്കാമോ;

(ഡി) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 30 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ ഒരു തസ്തികയിൽ നിയമിക്കപ്പെട്ടവരിലാരെയെങ്കിലും തസ്തികമാറ്റം/ പ്രൊമോഷൻ എന്നിവ നൽകി മറ്റ് തസ്തികകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അപ്രകാരം നടന്നിട്ടുള്ള നിയമനങ്ങൾ നിയമവിധേയമായിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിയമിക്കപ്പെട്ട കരാർ ജീവനക്കാരിൽ ആരെയെങ്കിലും പ്രൊമോഷൻ / തസ്തികമാറ്റം വഴി നിയമിച്ച ശേഷം തിരികെ പഴയ തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതായി വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ വിവരവും ഇപ്രകാരം നിയമിക്കുവാനുണ്ടായ സാഹചര്യവും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ തസ്തിക ഒഴിവുകൾ വിജ്ഞാപനം ചെയ്യാതെയും നിയമന ഉത്തരവുകൾ നൽകാതെയും എത്ര ജീവനക്കാർ ജോലി ചെയ്തിരുന്നുവെന്നും പ്രസ്തുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എന്താണെന്നും അറിയിക്കാമോ?

## <u>വെൽനസ് ക്ലിനിക്കുകൾക്ക് പുതിയ മാനദണ്ഡം</u>

1580 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരീരഭാരം കുറച്ചു നൽകുന്നുവെന്ന് പരസ്യം നൽകി വെൽനെസ് ക്ലിനിക്കുകൾ, സ്റ്റുഡിയോകൾ എന്നിങ്ങനെ വിവിധ പേരുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാനദണ്ഡങ്ങൾ പാലിക്കാതെ മരുന്നുകൾ ഉൾപ്പെടെ നൽകി ആളുകളെ ചികിത്സിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമപരമാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>കണ്ണൂർ സർക്കാർ നഴ്സിംഗ് കോളേജിന് ബസ് വാങ്ങൽ</u>

1581 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ എം. എൽ. എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട കണ്ണൂർ സർക്കാർ നഴ്സിംഗ് കോളേജിന് ബസ് വാങ്ങൽ എന്ന പ്രൊപ്പോസലിന്റെ നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) ബസ് എന്നത്തേക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

**<u>പരിയാരം സർക്കാർ ആയുർവേദ കോളേജ്</u>**

1582 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവേദ കോളേജിൽ നിലവിലുള്ള പി.ജി കോഴ്സുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോഴ്സുകൾ നിലനിർത്തുന്നതിന് ആവശ്യമായ അധ്യാപക തസ്തികകൾ പരിയാരം ആയുർവേദ കോളേജിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ ബഹുനില കെട്ടിട നിർമ്മാണം</u>**

1583 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ച് ഭരണാനുമതി ലഭ്യമാക്കി ജെയിൻ കൺസ്ട്രക്ഷൻ കമ്പനിയുമായി കരാർ വച്ച് 2026 ഫെബ്രുവരിയിൽ നിർമ്മാണ ഉദ്ഘാടനം നടത്തിയ നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ ബഹുനില കെട്ടിട നിർമ്മാണ പ്രവൃത്തി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കെട്ടിടം പണിയുന്നതിന് കണ്ടെത്തിയ സ്ഥലത്തെ മണ്ണ് മാറ്റുന്നതിന് അനുമതി ലഭ്യമാക്കാൻ സമർപ്പിച്ച ഹെൽത്ത് ഇ2/189/2026 (comp no-3518977) നമ്പർ ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിലെ ഒഴിവുകൾ**

1584 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; സ്ഥാപനം, തസ്തിക, ഒഴിവ് എന്നിവ പട്ടിക തിരിച്ച് നൽകാമോ; ഇവ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**പാറശ്ശാല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

1585 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, വെള്ളറട സാമൂഹിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാത്തത് മൂലം ഈ ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങളെയും രോഗീ പരിചരണത്തെയും സാരമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ തസ്തികകൾ ഏതൊക്കെയാണെന്നും ഈ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്നും തസ്തിക തിരിച്ച വ്യക്തമാക്കാമോ;

(സി) ഈ ആശുപത്രികളിലെ പ്രവർത്തനം സുഗമമാക്കുന്നതിന് വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി അധികമായി എത്ര തസ്തികകൾ വീതമാണ് പുതുതായി സൃഷ്ടിക്കേണ്ടത് എന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിനും നിലവിലുള്ള ഒഴിവുകളിലേക്ക് അടിയന്തരമായി നിയമനങ്ങൾ നടത്തുന്നതിനും എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

**ആരോഗ്യവകുപ്പ് ഡയറക്ടറെ സ്ഥലം മാറ്റിയത്**

1586 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. റീനയെ സ്ഥലം മാറ്റുവാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറായിരുന്ന ഡോ.റീനയെ വീണ്ടും ഡയറക്ടറായി നിയമിച്ച് ഏതെങ്കിലും കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിയമനം</u>

1587 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ചുമതലയുള്ള ഡോ. വി. മീനാക്ഷിയെ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് പോസ്റ്റിലേക്ക് നിയമിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശേഷാൽ ചട്ടങ്ങൾ പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറെ നിയമിക്കേണ്ടത് സെലക്ഷൻ പ്രക്രിയ വഴിയാണോ എന്നും നിലവിൽ വകുപ്പിന്റെ ചുമതലയുള്ള വ്യക്തിയെ സെലക്ഷൻ കമ്മിറ്റി ആണോ തിരഞ്ഞെടുത്തത് എന്നും വ്യക്തമാക്കാമോ;

(ബി) വിശേഷാൽ ചട്ടങ്ങൾ പ്രകാരം, ആരോഗ്യ വകുപ്പ് മേധാവിയുടെ നിയമനത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷമാണ് കാലപരിധി എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിശേഷാൽ ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലപരിധി കഴിഞ്ഞതുകൊണ്ടാണോ ഡോ. റീനയെ ആരോഗ്യ വകുപ്പ് മേധാവി സ്ഥാനത്തുനിന്നും മാറ്റിയത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് നിയമനം നടത്തുന്നതിന് മുന്നോടിയായി സെക്രട്ടറി അധ്യക്ഷനായ സെലക്ഷൻ കമ്മിറ്റി യോഗം ചേർന്നിരുന്നോ; എങ്കിൽ ഏത് ദിവസമാണ് യോഗം ചേർന്നതെന്നും യോഗത്തിൽ പങ്കെടുത്ത വ്യക്തികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണോ ഡോ. വി. മീനാക്ഷിക്ക് പകരം ചുമതല നൽകിയതെന്നും ഡോ. റീന ജോലി ചെയ്യുന്നത് അഡ്മിനിസ്ട്രേറ്റീവ് കേഡറിലാണോ എന്നും വ്യക്തമാക്കാമോ; സ്പെഷ്യാലിറ്റി കേഡറിലുള്ള ഒരു തസ്തിക അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ആരോഗ്യ വകുപ്പ് ഡയറക്ടർ തസ്തികക്ക് സമാനമായി ഉയർത്താൻ കഴിയുമോ എന്നും എങ്കിൽ അത് ക്രമപ്രകാരമാണോ എന്നും വ്യക്തമാക്കാമോ;

(എഫ്) നിലവിൽ എറണാകുളത്ത് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ ഡയറക്ടറുടെ തസ്തികയുണ്ടോ എന്നത് സംബന്ധിച്ച വിവരം നൽകാമോ; റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ ഡയറക്ടറുടെ തസ്തിക ഉയർത്തുന്നത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതല്ലേ; എങ്കിൽ ഇക്കാര്യത്തിന് ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരുന്നോ എന്ന് വിശദമാക്കാമോ;

(ജി) വകുപ്പുതല ശിപാർശയുടെ അടിസ്ഥാനത്തിലാണോ ഡോ. റീനയെ ആരോഗ്യ വകുപ്പ് മേധാവി സ്ഥാനത്ത് നിന്നും സ്ഥലം മാറ്റിയതെന്നും അല്ലെങ്കിൽ ആരുടെ ശിപാർശ പ്രകാരമാണ് സ്ഥലംമാറ്റം നടന്നതെന്നും വ്യക്തമാക്കാമോ; ഡോ. റീനയെ സ്ഥലം മാറ്റിയ തീരുമാനം സംബന്ധിച്ച നടപ്പ്/കുറിപ്പ് ഫയൽ മേശപ്പുറത്ത് വെയ്ക്കാമോ?

## <u>ശൈലി ആപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ക്രീനിംഗ്</u>

1588 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന ശൈലി ആപ്പ് പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ എത്ര പേർക്ക് സ്ക്രീനിംഗ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സ്ക്രീനിംഗ് നടത്തിയവരിൽ അർബുദം, പ്രമേഹം, ഹൃദ്രോഗം എന്നിവക്ക് സാധ്യതയുള്ളവരായി കണ്ടെത്തിയവർക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ ഐ.പി. ബ്ലോക്ക്</u>

1589 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് 2021-ൽ ഉദ്ഘാടനം ചെയ്തതല്ലാതെ കഴിഞ്ഞ 30 വർഷത്തിനിടയിൽ മറ്റ് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും പുതിയതായി നടന്നിട്ടില്ലെന്നും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ പുതിയ സേവനങ്ങൾക്ക് മാത്രമാണ് പുതിയ കെട്ടിടം ഉപയോഗിക്കുന്നതെന്നും ബാക്കി എല്ലാ സേവനങ്ങളും വർഷങ്ങൾ പഴക്കമുള്ള പഴയ കെട്ടിടങ്ങളിലാണ് ലഭ്യമാക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയതായി ഒരു ഐ.പി. ബ്ലോക്ക് പണിയുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇതിനായി ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് (ഇൻകൽ) എന്ന സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആരോഗ്യവകുപ്പ് ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് അനുമതി നൽകിയിട്ടുണ്ടോ; ഈ പദ്ധതിക്ക് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെ വരെ എത്തി എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

## <u>കൊച്ചി കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം സംവിധാനം പുനരാരംഭിക്കുന്നത്</u>

1590 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ ജനങ്ങൾ ആശ്രയിക്കുന്ന കരുവേലിപ്പടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ മുൻപുണ്ടായിരുന്ന പോസ്റ്റ്മോർട്ടം സംവിധാനം നിലവിൽ നിർത്തിവെച്ചിരിക്കുന്നത് മൂലം മൃതദേഹങ്ങൾ കിലോമീറ്ററുകൾ അകലെയുള്ള എറണാകുളം ജനറൽ ആശുപത്രിയിലേക്കും കളമശ്ശേരി മെഡിക്കൽ കോളേജിലേക്കും കൊണ്ടുപോകേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളും ഫോറൻസിക് സർജൻ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവനവും ഉറപ്പാക്കിക്കൊണ്ട് മുൻപുണ്ടായിരുന്ന പോസ്റ്റ്മോർട്ടം സംവിധാനം പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>കുടുംബാരോഗ്യകേന്ദ്രങ്ങൾ</u>

1591 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് സൃഷ്ടിച്ച തസ്തികകളെ സംബന്ധിച്ച് വിശദീകരിക്കാമോ;

(ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയത്; ഇനി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ അവശേഷിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ;

(സി) കരകുളം ഗ്രാമപഞ്ചായത്തിലെ കരകുളം കുടുംബാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി മുൻ സർക്കാർ ഉയർത്തിയിരുന്നോ; എങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## <u>രോഗങ്ങളുടെ വ്യാപനം തടയാൻ നടപടി</u>

1592 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയറിളക്കം, ടൈഫോയിഡ്, ഷിഗെല്ല തുടങ്ങിയ രോഗങ്ങൾ വ്യാപകമായി പടരുന്നതുമായി ബന്ധപ്പെട്ട കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) ആരോഗ്യരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ വീഴ്ചയാണ് ഈ രോഗങ്ങൾ പടരാനുള്ള കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജലജന്യ രോഗങ്ങൾ വർധിച്ചുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; വയറിളക്കം, ടൈഫോയിഡ്, ഷിഗെല്ല എന്നീ അസുഖങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഹോട്ടലുകളിലും വീടുകളിലും ഭക്ഷണങ്ങൾക്കും പാനീയങ്ങൾക്കും ഉപയോഗിക്കുന്ന ജലം മലിനമല്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

## മെഡിക്കൽ കോളജുകളിലും മറ്റ് ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളോടുള്ള ക്രൂരതകൾ

1593 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ ഒന്ന് മുതൽ 2026 മാർച്ച് 31 വരെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളിൽ ആത്മഹത്യ ചെയ്തവരുടെയും, സംശയാസ്പദമായ രീതിയിൽ മരണപ്പെട്ടവരുടെയും വിശദവിവരം ലഭ്യമാക്കാമോ;

(ബി) മെഡിക്കൽ കോഴ്സുകളിൽ ഇന്റേണൽ മാർക്ക്, പ്രാക്ടിക്കൽ പരീക്ഷകളിലെ ഫലം എന്നിവ ഏകപക്ഷീയമായി അധ്യാപകർ മാത്രം നിർണയിക്കുന്ന രീതിക്ക് മാറ്റം വരുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) 2021 ഏപ്രിൽ ഒന്ന് മുതൽ 2026 മാർച്ച് 31 വരെ സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളിൽ കോഴ്സ് പൂർത്തിയാക്കാതെ പഠനം നിർത്തിയ വിദ്യാർഥികളുടെ എണ്ണം വർഷം, കോഴ്സ് , സ്ഥാപനം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഹൗസ് സർജന്മാർ, പി. ജി വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് ജോലി ചെയ്യുന്നതിന് പ്രതിദിനം നിശ്ചിത സമയം നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളോട് അധ്യാപകരുടെ ക്രൂരമായ സമീപനവും പ്രതികാര മനോഭാവവും നിരീക്ഷിക്കുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനും സ്വതന്ത്രമായ സംവിധാനം നിലവിൽ ഉണ്ടോയെന്നും ഇല്ലെങ്കിൽ അത് രൂപീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളോട് അധ്യാപകരുടെ ക്രൂരമായ സമീപനവും പ്രതികാര മനോഭാവവും സംബന്ധിച്ച് 2016 മെയ് 1 മുതൽ 2026 മെയ് 31 വരെ ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം കോഴ്സ് , സ്ഥാപനം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ജി) സംസ്ഥാനത്തെ മെഡിക്കൽ കോളജുകളിലും മറ്റ് ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2021 ഏപ്രിൽ ഒന്ന് മുതൽ 2026 മെയ് 31 വരെയുള്ള കാലയളവിൽ റാഗിംഗ് നടന്നതായി പരാതികൾ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരവും റാഗിങ് തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്നും വിശദമാക്കാമോ?

**<u>മഞ്ചേരി മെഡിക്കൽ കോളേജിൽ ജീവനക്കാരുടെ അപര്യാപ്തത</u>**

1594 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലെ അധ്യാപക അനധ്യാപക തസ്തികകളിലെ ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ;

**<u>താനൂർ ഗവ:ആയുർവേദ ആശുപത്രി</u>**

1595 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഗവ:ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനും കിടത്തി ചികിത്സ ആരംഭിക്കുന്നതിനുമായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വകുപ്പ് ആവശ്യപ്പെട്ട പ്രകാരം നഗരസഭ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടും അപ്ഗ്രേഡേഷൻ വർഷങ്ങളായി നടപ്പാക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

**<u>ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാര പരിശോധന</u>**

1596 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന്

വിശദമാക്കാമോ;

(ബി) കൃത്യമായ ഇടവേളകളിൽ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും പരിശോധന നടത്താൻ മതിയായ ജീവനക്കാരില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

1597 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലും വഴിയോര ഭക്ഷണശാലകളിലും വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള കർശന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിപണിയിൽ ലഭ്യമാകുന്ന വിവിധ പാക്കറ്റ് ഫുഡുകൾ, മിനറൽ വാട്ടർ, സോഫ്റ്റ് ഡ്രിങ്കുകൾ, പാൽ, പാലുൽപ്പന്നങ്ങൾ, ബേക്കറി പലഹാരങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രത്യേക പരിശോധനകളുടെയും തുടർ നടപടികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഹോട്ടൽ ജീവനക്കാർക്കും വഴിയോര കച്ചവടക്കാർക്കും നിർബന്ധമാക്കിയിട്ടുള്ള ഹെൽത്ത് കാർഡ് എല്ലാവരും ഉറപ്പായും കൈവശം വെക്കുന്നുണ്ടെന്ന് പരിശോധിക്കുന്നതിനായി എന്തെല്ലാം നിരീക്ഷണ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; നിയമലംഘകർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭക്ഷ്യവിഷബാധ മൂലമുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനായി മുൻ സർക്കാരിന്റെ കാലത്തും തുടർന്ന് ഈ സർക്കാരിന്റെ കാലത്തും സ്വീകരിച്ചിട്ടുള്ള പ്രത്യേക പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) ഹോട്ടൽ ഉടമകൾ, ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർക്കായി ഭക്ഷ്യസുരക്ഷാ ബോധവൽക്കരണവും ശുചിത്വ പാലനവും മുൻ നിർത്തി

വകുപ്പ് തലത്തിൽ നടത്തിവരുന്ന ബോധവൽക്കരണ പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഭക്ഷ്യ എണ്ണകളിലെ മായം കണ്ടെത്താൻ സ്വീകരിച്ച നടപടികൾ**

1598 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന ഭക്ഷ്യ എണ്ണകളിൽ മായം ചേർത്തതായി കണ്ടെത്തിയതിനെ തുടർന്ന് കഴിഞ്ഞ ഒരു വർഷത്തിനിടെ നടപടി സ്വീകരിച്ച ഉത്പന്നങ്ങൾ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ?

**ഭക്ഷ്യ പരിശോധനകൾക്കായി നടപടികൾ**

1599 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ പരിശോധനകൾക്കായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**തട്ടുകടകളിൽ വിളമ്പുന്ന ഭക്ഷണ പാനീയങ്ങളുടെ ഗുണനിലവാരം**

1600 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടുകടകളിൽ വിളമ്പുന്ന ഭക്ഷ്യ-പാനീയങ്ങളുടെ ഗുണനിലവാരവും ശുദ്ധിയും ഉറപ്പുവരുത്തുവാൻ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

**റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത**

1601 **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്ന സപ്ലൈകോ ഗോഡൗണുകളിൽ നിന്നും അരിയും മറ്റും കരിഞ്ചന്തയിലേക്ക് കടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വ്യാജ ബില്ലിംഗ്, റേഷൻ വിതരണത്തിലുള്ള ഒ.ടി.പി.യുടെ ദുരുപയോഗം എന്നിവ നടക്കുന്നതായുള്ള പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റേഷൻ സാധനങ്ങൾ അപഹരിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ബി.പി.എൽ (മുൻഗണനാ വിഭാഗം) റേഷൻ കാർഡുകൾ

1602 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ (മുൻഗണനാ വിഭാഗം) റേഷൻ കാർഡുകൾ അനുവദിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം മാനദണ്ഡങ്ങൾ കാരണം കൂട്ടുകുടുംബങ്ങളായി ജീവിക്കുന്ന കുടുംബങ്ങൾക്ക് വലിയ രീതിയിൽ പിഴപലിശ വ്യാപകമായി വരുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരം കുടുംബങ്ങളിലെ പരാതി തീർപ്പാക്കാൻ അദാലത്ത് നടത്തി തീരുമാനമെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ബി.പി.എൽ റേഷൻ കാർഡുകൾ അനുവദിക്കണമെന്ന് അപേക്ഷ ലഭിക്കുന്ന പക്ഷം മാനദണ്ഡങ്ങൾ നോക്കാതെ ഹിയറിംഗ് നടത്തി അപേക്ഷ തീർപ്പു കൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ബി പി എൽ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ്

1603 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റിയ റേഷൻ കാർഡുകളുടെ എണ്ണം

എത്രയാണെന്ന് അറിയിക്കാമോ;

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ റേഷൻ കാർഡുകൾ ബിപിഎൽ വിഭാഗത്തിലേക്ക് മാറ്റാനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

**കെ - സ്റ്റോർ പദ്ധതി**

1604 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ - സ്റ്റോർ പദ്ധതിയെ കുറിച്ച് വ്യക്തമാക്കാമോ;

(ബി) കെ - സ്റ്റോർ പദ്ധതി വഴി ജനങ്ങൾക്ക് റേഷൻ കടയിൽ നിന്നും ലഭിക്കുന്ന അധിക സേവനങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് ഇതുവരെ എത്ര കെ - സ്റ്റോറുകൾ പൂർണ്ണാർത്ഥത്തിൽ പ്രവർത്തനസജ്ജമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

**പുതിയതായി അനുവദിച്ച മുൻഗണനാ റേഷൻ കാർഡുകൾ**

1605 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 വരെയുള്ള കാലയളവിൽ തൃശ്ശൂർ, തലപ്പിള്ളി താലൂക്കുകളിലായി വടക്കാഞ്ചേരി മണ്ഡലത്തിലെ ഓരോ റേഷൻ ഷോപ്പുകളിലും എത്ര വീതം മുൻഗണനാ റേഷൻ കാർഡുകൾ പുതിയതായി അനുവദിച്ചുവെന്ന വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

**റേഷൻ റീട്ടെയിൽ കടകളുടെ പ്രവർത്തനം**

1606 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന അംഗീകൃതമായ എത്ര റേഷൻ കടകൾ ലൈസൻസികൾ ഇല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കാതെ കിടപ്പുണ്ട്; വ്യക്തമാക്കാമോ;

(ബി) കുന്നത്തുനാട് താലൂക്കിൽ എത്ര റേഷൻ കടകൾ അറ്റാച്ച് ചെയ്ത് മറ്റു റേഷൻ കടക്കാർ നടത്തുന്നുണ്ട് ; വ്യക്തമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ കെ- സ്റ്റോർ**

1607 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പൂഞ്ഞാർ മണ്ഡലത്തിൽ അനുവദിച്ച കെ-സ്റ്റോറുകളുടെ എണ്ണം എത്രയെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പൂഞ്ഞാർ മണ്ഡലത്തിൽ കൂടുതൽ കെ-സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**റേഷൻ കടകളും കെ-സ്റ്റോറുകളും ജനോപകാരപ്രദമാക്കുന്നതിനുള്ള നടപടി**

1608 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളും കെ-സ്റ്റോറുകളും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുന്നതിന് ഇത്തരം കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്ക്കരിക്കുമോ; വിശദമാക്കുമോ?

**വിലക്കയറ്റം**

1609 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിപണിയിൽ ഭക്ഷ്യ ഉല്പന്നങ്ങൾക്കും പച്ചക്കറി ഉല്പന്നങ്ങൾക്കും വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**പുനലൂർ മണ്ഡലത്തിലെ സപ്ലൈകോ വില്പന ശാലകൾ**

1610 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ സപ്ലൈകോയുടെ എത്ര വിൽപ്പന ശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാം സ്ഥലങ്ങളിലാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വില്പന ശാലകളിൽ മാവേലി സ്റ്റോറുകൾ, മാവേലി സൂപ്പർ സ്റ്റോറുകൾ, ലാഭം മാർക്കറ്റ്, സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ് എന്നിങ്ങനെ വിവിധ വിഭാഗം വിൽപ്പനശാലകൾ ഉണ്ടോയെന്നും എങ്കിൽ അവ ഓരോന്നും ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുവെന്നും പ്രത്യേകം വിശദമാക്കാമോ?

## സപ്ലൈകോ - ഹോർട്ടികോർപ് സഹകരണം

1611 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. സേനാപതി വേണു**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്**

**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ, ഹോർട്ടികോർപ് എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സപ്ലൈകോയെ സർക്കാരിൽ നിന്നുമുള്ള സാമ്പത്തിക സഹായമില്ലാതെ സ്വയംപര്യാപ്തമാക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് കുടിശ്ശിക ലഭിക്കാനുണ്ടോ; എങ്കിൽ ലഭിക്കാനുള്ള കുടിശ്ശിക നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സപ്ലൈകോയിൽ ആധുനിക സംഭരണ സൗകര്യങ്ങൾ

1612 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കാനുള്ള ആധുനിക സംഭരണ സൗകര്യങ്ങൾ സപ്ലൈകോയിൽ ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) സപ്ലൈകോയുടെ പ്രവർത്തനത്തിൽ സഹകരണ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;വിശദമാക്കുമോ?

## നെൽകൃഷി

1613 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 കാലയളവിൽ കുട്ടനാടൻ കാർഷിക മേഖലയിൽ എത്ര ക്വിന്റൽ നെല്ല് വിളവെടുത്തു;

(ബി) ഇതിൽ എത്ര ക്വിൻറൽ സർക്കാർ ഏറ്റെടുത്തു;

(സി) ഒരു ക്വിന്റൽ നെല്ലിന് നൽകിയ വിലയെത്ര; ഏറ്റെടുത്ത നെല്ലിന് ആകെ നൽകിയ വില എത്ര;

(ഡി) ഏറ്റെടുത്ത നെല്ലിന്റെ വിലയിൽ കൃഷിക്കാർക്ക് ഇനി നൽകാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

**നെൽ കർഷകർക്ക് സംഭരണ വില**

1614 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ എത്ര തുക കുടിശ്ശികയുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നെല്ലിന്റെ സംഭരണ വില സമയബന്ധിതമായി നൽകുവാൻ റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

**നെല്ല് സംഭരണവും വില വിതരണവും**

1615 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ല് സംഭരണവും വില വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് നൽകുവാനുള്ള നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തുക കൊടുത്തുതീർക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

**പി.ആർ.എസ്. വായ്പയിലെ പോരായ്മകൾ**

1616 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഡി റസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പ വഴി കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്ന രീതിയിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വായ്പയായല്ലാതെ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പാഡി റസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാ ഇനത്തിൽ ബാങ്കുകൾ സർക്കാരിന് നൽകാനുള്ള തുക കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പാഡി റസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാ പദ്ധതിക്ക് പകരം മറ്റെന്തെങ്കിലും സംവിധാനത്തിലൂടെ കർഷകർക്ക് സമയബന്ധിതമായി കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഉറപ്പാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

## പാചകവാതക സിലിണ്ടറുകളുടെ ബുക്കിംഗ് കാലയളവ്

1617 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകരിച്ച പാചകവാതക സിലിണ്ടറുകളുടെ ബുക്കിംഗ് കാലയളവ് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നിവയിലേതിന് സമാനമായി ഇപ്പോഴുള്ള നാൽപ്പത്തിയഞ്ച് ദിവസത്തിന് പകരം ഇരുപത്തഞ്ചു ദിവസമാക്കാൻ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## തൃശ്ശൂർ ജില്ലയിലെ കെ- സ്റ്റോറുകൾ

1618 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ തൃശ്ശൂർ ജില്ലയിൽ ആകെ എത്ര കെ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കൂടുതൽ കെ സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കൺസ്യൂമർ ഫെഡ്

1619 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡ് ഏതെല്ലാം പദ്ധതികളിലൂടെയാണ് വിപണിയിൽ ഇടപെടലുകൾ നടത്തിയിട്ടുള്ളത്; ഈ പദ്ധതികൾ നടത്തിപ്പിലാക്കിയത് മൂലം സർക്കാരിൽ നിന്ന് ഓരോ പദ്ധതിയിലും ലഭിക്കുവാനുള്ള കുടിശ്ശികത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൺസ്യൂമർഫെഡിലെ സഞ്ചിത നഷ്ടം എത്ര; ഏതെല്ലാം കൺസ്യൂമർഫെഡ് പദ്ധതികൾ ലാഭത്തിൽ പ്രവർത്തിക്കുന്നു; ഈ പദ്ധതികളിലെ ലാഭം എത്ര;

(സി) വിവിധ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും എത്ര രൂപ ഡെപ്പോസിറ്റായി കൺസ്യൂമർഫെഡ് സ്വീകരിച്ചിട്ടുണ്ട്; കേരള ബാങ്കിൽ നിന്നും എത്ര രൂപ ഓവർ ഡ്രാഫ്റ്റ് ആയി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) 2026 അധ്യയനവർഷത്തിൽ കേരളത്തിൽ എത്ര രൂപയുടെ ത്രിവേണി നോട്ടുബുക്ക് വിൽപ്പന നടത്തി; കഴിഞ്ഞ വർഷത്തെ നോട്ട് ബുക്ക് വിൽപ്പനയെ അപേക്ഷിച്ച് ഈ തുക കുറവാണോ; എങ്കിൽ കാരണമെന്ത് എന്ന് അറിയിക്കുമോ;

(ഇ) കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോർ എത്ര; ഇവയുടെ പ്രവർത്തനം ലാഭകരമാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(എഫ്) കൺസ്യൂമർഫെഡിന് ബില്ലിംഗ് സോഫ്റ്റ്‌വെയർ നിർമ്മിച്ച് നൽകാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര രൂപയ്ക്കാണ് ടെൻഡർ നൽകിയത്; എന്നാണ് എഗ്രിമെന്റിൽ ഏർപ്പെട്ടത്; സൊസൈറ്റിക്ക് തുക കൈമാറിയത് എന്നാണ്; എത്ര

ഗഡുക്കളായിട്ടാണ് തുക കൈമാറിയത്; സോഫ്റ്റ്‌വെയർ വിജയകരമായി നടപ്പിലാക്കിയതിന് ശേഷമാണോ മുഴുവൻ തുകയും കൈമാറിയിട്ടുള്ളത്; ഇല്ലെങ്കിൽ കാരണം എന്ത്; ഈ സോഫ്റ്റ്‌വെയർ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ജി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

**<u>ഭക്ഷണശാലകളിലെ വില വിവരപ്പട്ടിക</u>**

1620 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടുകടകളിലും ചെറുകിട ഭക്ഷണശാലകളിലും വില വിവരപ്പട്ടിക പ്രദർശിപ്പിക്കാതെ പല ഉപഭോക്താക്കളിൽ നിന്നും പലതരം നിരക്കുകൾ ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി</u>**

1621 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഴ്ത്തിവെയ്പ്പും കൃത്രിമ വിലക്കയറ്റവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഡിജിറ്റൽ സംവിധാനങ്ങൾ ശക്തമാക്കിക്കൊണ്ട് പൊതുവിതരണത്തിലെ അളവുതൂക്ക കൃത്യത ഉറപ്പുവരുത്തുന്നതിനും പരിശോധനകൾ ശക്തമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) സ്വിഗ്ഗി, സൊമാറ്റോ പോലുള്ള ഓൺലൈൻ ഭക്ഷണവിതരണ ശൃംഖലയിൽ അളവുതൂക്കങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരുടെ ഓണറേറിയവും പെൻഷനും**

1622 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരുടെ ഓണറേറിയവും പെൻഷനും വർധിപ്പിക്കാൻ സാധിക്കുമോ; പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

**പുനലൂർ മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികളിലെ ടെൻഡർ സേവിങ്സ് തുക.**

1623 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനിയറിംഗ് വിഭാഗത്തെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടെൻഡർ സേവിങ്സ് തുകയിൽ നിന്ന് എത്ര രൂപയുടെ പുതിയ പദ്ധതികൾ നിർദ്ദേശിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**ടൗൺഹാൾ സൗജന്യമായി അനുവദിക്കുന്നത് സംബന്ധിച്ച്**

1624 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നഗരസഭയിൽ ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനത്തിന് ടൗൺഹാൾ സൗജന്യമായി അനുവദിക്കുന്നതിന് നഗരസഭ കൗൺസിൽ തീരുമാനമെടുത്ത യോഗത്തിന്റെ മിനിറ്റ്സിൽ നഗരസഭ സെക്രട്ടറി തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ട് വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഗുരുവായൂർ നഗരസഭയിൽ ലോകകപ്പ് ഫുട്ബോൾ ബിഗ് സ്ക്രീൻ പ്രദർശനത്തിനെതിരെ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ?

## **<u>മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഡ്യൂട്ടികൾ</u>**

1625 **ശ്രീ. സുധീർഷാ പാലോട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവീസിൽ ആകെ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ ചുമതലകളും കർത്തവ്യങ്ങളും നിശ്ചയിച്ചു നൽകിയിട്ടുണ്ടോയെന്ന് വ്യകതമാക്കാമോ;

(ബി) തിരുവനന്തപുരം നഗരസഭയിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലി ചെയ്യുന്നുണ്ട്; നഗരസഭയുടെ മാതൃ-ശിശു കേന്ദ്രങ്ങൾ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയ സാഹചര്യത്തിൽ പ്രസ്തുത ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ഇപ്പോൾ ചെയ്യുന്ന ജോലികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവരുടെ കൺട്രോളിങ് ഓഫീസർ ആരാണെന്ന് അറിയിക്കാമോ;

(സി) പി. എസ്. സി. വഴി നിയമിതരായവരും വർഷങ്ങളോളം സർവീസ് ഉള്ളവരുമായ പ്രസ്തുത നഴ്സുമാർക്ക് കൃത്യമായി ജോലി നിശ്ചയിച്ച് നൽകി നഗരസഭാ ഹെൽത്ത് ഓഫീസറുടെ കീഴിൽ ജോലിചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കുമോ;

(ഡി) ആരോഗ്യ വകുപ്പിനും മുനിസിപ്പൽ കോമൺ സർവീസിനും പൊതുവായി ഉള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരാകുന്ന വനിതകളായ പ്രസ്തുത ജീവനക്കാർക്ക് കൃത്യമായ ജോലി നിർവ്വചിച്ച് നഗരസഭ നൽകിയിട്ടുണ്ടോ; നഗരസഭക്ക് പ്രസ്തുത ജീവനക്കാരുടെ സേവനം ആവശ്യമില്ലാത്ത പക്ഷം അവരെ ആരോഗ്യവകുപ്പിലേക്ക് പുനർ വിന്യസിക്കാൻ നടപടി സ്വീകരിക്കുമോ; വ്യകതമാക്കാമോ?

## **<u>വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതി</u>**

1626 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ

വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ അനുപാതികമായി വഹിക്കേണ്ട തുക എത്രയാണെന്നും പുതുക്കിയ സംസ്ഥാന ബജറ്റിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>**തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ**</u>

1627 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്കായി കഴിഞ്ഞ പത്ത് വർഷക്കാലം സർക്കാർ ചെലവഴിച്ച തുകയും നികുതിയായി പിരിച്ചെടുത്ത തുകയും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനും പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച ആസ്തികളുടെ മൂല്യം നിർണയിക്കുന്നതിനുമായി ഒരു ഉന്നതതല കമ്മീഷനെ നിയോഗിക്കാൻ തയ്യാറാകുമോ;

(ബി) പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കഴിഞ്ഞ പത്ത് വർഷത്തിനിടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇനത്തിൽ ചെലവഴിച്ച ആകെ തുക എത്രയാണെന്ന് വിശദമാക്കുമോ?

<u>**പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങിയ ഭൂമി ,മാറ്റി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്**</u>

1628 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എൽ.പി.എസ്. വിളയിൽ പറപ്പൂര് സ്കൂളിന് വേണ്ടി പ്രദേശ വാസികൾ പണം പിരിച്ചും ചീക്കോട് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും വാങ്ങിയ ഭൂമി ബഹുമാനപ്പെട്ട കേരള ഗവർണറുടെ പേരിൽ രജിസറ്റർ ചെയ്യുന്നതിന് പകരം ചീക്കോട് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തെറ്റായി രജിസ്റ്റർ ചെയ്തത് കാരണം, ഈ സ്ഥലത്ത് സ്കൂളിന് ഭൗതിക

സൗകര്യമൊരുക്കാൻ സാധിക്കാത്ത കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഈ ഭൂമി ചീക്കോട് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നിന്നും ബഹുമാനപ്പെട്ട കേരള ഗവർണറുടെ പേരിലേക്ക് മാറ്റി രജിസ്റ്റർ ചെയ്ത് നൽകുന്ന വിഷയത്തിൽ ഇത്‌വരെ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് , ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഒഴിവുകൾ**

1629 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**പഞ്ചായത്തു കോമൺ സർവീസിലെ തസ്തികകൾ**

1630 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ കോമൺ സർവീസ് രൂപീകരിച്ചതിനു ശേഷം ഗ്രാമ പഞ്ചായത്തു സെക്രട്ടറി ,സീനിയർ സൂപ്രണ്ട് തസ്തികകളുടെ കേഡർ സ്ട്രെങ്ങ്തിൽ വന്ന മാറ്റങ്ങൾ ,പുതുതായി സൃഷ്ടിച്ച തസ്തികകൾ ,അപ്ഗ്രേഡ് ചെയ്ത തസ്തികകൾ എന്നിവയുടെ വിശദംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ നിലവിലെ റേഷ്യോയും കേഡർ ക്രമീകരണവും മൂലം നേരിട്ടുള്ള നിയമന വിഭാഗത്തിനോ വകുപ്പുതല പ്രമോഷൻ വിഭാഗത്തിനോ അവസരങ്ങളിൽ എന്തെങ്കിലും കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(സി) നിലവിലെ കേഡർ സ്ട്രെങ്ത്, റേഷ്യോ എന്നിവ അടിസ്ഥാനമാക്കി ഓരോ വിഭാഗത്തിനും ലഭിക്കേണ്ട തസ്തികകളുടെ എണ്ണവും നിലവിൽ ലഭ്യമായിരുന്ന തസ്തികകളുടെ എണ്ണവും എത്രയാണെന്ന് അറിയിക്കാമോ?

**ബാറുകൾ അനുവദിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി**

1631 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 ലെ സർക്കാരിന്റെ കാലത്ത് ബാറുകൾ അനുവദിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമായിരുന്നത് മുൻ സർക്കാർ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസ്തുത അനുമതി പുന:സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഓൺലൈൻ ഗ്രാമസഭ**

1632 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്തിന്റെ ഏതു കോണിൽ നിന്നും സ്വന്തം നാട്ടിലെ ഗ്രാമസഭയിൽ പങ്കെടുക്കുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;എങ്കിൽ ഏത് ഏജൻസിയുടെ സഹായത്തോടെയാണ് ഓൺലൈൻ സംവിധാനം ഒരുക്കുന്നത് ; വിശദമാക്കാമോ?

**പൊതു മാർക്കറ്റുകളുടെ നവീകരണം**

1633 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതു മാർക്കറ്റുകളുടെ നവീകരണത്തിനായി കഴിഞ്ഞ 5 വർഷത്തിനിടെ അനുവദിച്ച തുകയും,അവയുടെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കെട്ടിട നിർമാണ പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ.**

1634 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) കെട്ടിട നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചാൽ, തടസ്സങ്ങളൊന്നുമില്ലാത്ത സാഹചര്യത്തിൽ എത്ര ദിവസത്തിനുള്ളിൽ നമ്പർ അനുവദിക്കുമെന്ന് അറിയിക്കാമോ; ഇതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## ഹരിത കർമ്മ സേന വഴി ശേഖരിച്ച പ്ലാസ്റ്റിക്കിന്റെ അളവ്

1635 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ സേനകൾ വഴി കഴിഞ്ഞ വർഷം ആകെ എത്ര ടൺ പ്ലാസ്റ്റിക് ശേഖരിച്ചിട്ടുണ്ടെന്നും, ഇതിൽ പുനരുപയോഗിക്കാൻ കഴിഞ്ഞ പ്ലാസ്റ്റിക്കിന്റെ അളവ് എത്രയാണെന്നും വിശദമാക്കുമോ?

## തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രത്യേക ഇലക്ട്രിക്കൽ വിംഗ്

1636 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിൽ ഇലക്ട്രിക്കൽ അനുബന്ധ പ്രവൃത്തികളുടെ പരിശോധനയ്ക്കും നിർവ്വഹണത്തിനുമായി പ്രത്യേക ഇലക്ട്രിക്കൽ വിംഗ് രൂപീകരിക്കുന്നതിനും, പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള അർബൻ ഗ്രോത്ത് മിഷന്റെ പ്രവർത്തനങ്ങൾ

1637 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ ഗ്രോത്ത് മിഷന്റെ ഭാഗമായി നഗരവികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഹരിത നഗരം എന്ന ആശയം മുൻനിർത്തി നഗരവികസന നയം രൂപീകരിക്കുമോ; അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നഗരങ്ങളിലെ ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിനും സമഗ്രമായ മഴവെള്ള നിയന്ത്രണത്തിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതി

1638 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ ഈ സാമ്പത്തിക വർഷം കേരളത്തിന് അനുവദിച്ചിട്ടുള്ള വിഹിതം എത്ര രൂപയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഏകദേശം എത്ര ശതമാനം തുക അതിവിദഗ്ധ തൊഴിൽദിനങ്ങൾക്കായി മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക പൂർണമായും വിനിയോഗിക്കാൻ കഴിയുമോ; എങ്കിൽ അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

1639 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ, ഉത്തരവുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ?

## റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

1640 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലും മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലും ഉൾപ്പെടുത്തി 2024-25 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിയ നിർമാണ പ്രവൃത്തികൾ

1641 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഏതൊക്കെ നിർമാണ പ്രവൃത്തികളാണ് നടന്നുവരുന്നത്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ബജറ്റ് പ്രവൃത്തികൾ ഏതെല്ലാമാണ്; എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; മറ്റ് പ്രവൃത്തികൾ ഏതെല്ലാമാണ്; തരംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാരമല ടൂറിസം പാർക്ക് രണ്ടാംഘട്ടം പ്രവൃത്തി പുരോഗതി

1642 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കാരമല ടൂറിസം പാർക്ക് രണ്ടാംഘട്ടം 80 ലക്ഷം രൂപയുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കാമോ?

**കുത്തന്നൂർ ചിറക്കോട് പാലം പുനർനിർമ്മാണം**

1643 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ കുത്തന്നൂർ ചിറക്കോട് പാലം പുനർനിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**2016 മുതൽ 2026 വരെ പട്ടിജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവാക്കിയ തുക**

1644 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ പട്ടിജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വകയിരുത്തിയ തുകയുടെയും ചെലവായ തുകയുടെയും വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) 2016-2026 കാലയളവിൽ പട്ടിജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി ജനസംഖ്യാനുപാതികമായി നൽകേണ്ട തുക വകയിരുത്തിയിട്ടുണ്ടോ; വകയിരുത്തിയ ഫണ്ടിൽ എത്ര ശതമാനമാണ് ഈ കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചത് ;

(സി) കോവിഡ് പ്രതിസന്ധി നിലനിന്നിരുന്ന കാലയളവിലും പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി ജനസംഖ്യാനുപാതികമായി തന്നെ വകയിരുത്തിയിരുന്നോ ;

(ഡി) പട്ടിജാതി-പട്ടികവർഗ്ഗ പ്ലാനിലെ പദ്ധതികൾക്ക് ജനസംഖ്യാനുപാതികമായി കേന്ദ്ര വിഹിതം ലഭ്യമാണോ ?

**ലൈഫ് പദ്ധതി വിഹിതം വർധിപ്പിക്കുന്നതിന് നടപടി**

1645 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ മണ്ണ് ഘടനയുള്ള കുട്ടനാട്ടിൽ നിലവിലെ ലൈഫ് മിഷൻ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള കോൺക്രീറ്റ് വീടുകൾക്ക് വിള്ളലും ചരിവും കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ കുട്ടനാട് മേഖലയിൽ ഭാരം കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനും, ഇതിനായി ലൈഫ് പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയം</u>**

1646 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ നിർമ്മാണം ആരംഭിച്ച ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; എത്ര രൂപയാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചതെന്നും എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വൈകുന്നതിനുണ്ടായ കാരണം വ്യക്തമാക്കാമോ; ഫ്ലാറ്റ് നിർമാണ കരാർ പ്രകാരം കമ്പനിക്ക് എത്ര രൂപയാണ് ഇതുവരെ നൽകിയതെന്നും കരാറിലേതിനേക്കാൾ കൂടുതൽ തുക ആവശ്യപ്പെട്ട് കമ്പനി കത്ത് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയം എന്ന് തുറന്നു കൊടുക്കാനാകുമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഫ്ലാറ്റിലെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള മാനദണ്ഡം എന്താണെന്നും ചെമ്മനാട് പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റിനു മുൻഗണന നല്കുമോയെന്നും വ്യക്തമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി</u>**

1647 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വീടുകളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) ആയതിൽ എത്ര വീടുകൾ പൂർത്തിയായെന്നും എത്ര വീടുകൾ പൂർത്തിയാവാൻ ഉണ്ടെന്നും പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

**<u>ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ</u>**

1648 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) ഇതിൽ പൊതുവിഭാഗം,പട്ടികജാതി വിഭാഗം,പട്ടികവർഗ്ഗ വിഭാഗം എന്നിവ തരം തിരിച്ച് എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്രവീടുകൾ നിർമ്മിച്ചുനൽകാനാണ് ലക്ഷ്യമിടുന്നത് എന്ന വിവരം വ്യക്തമാക്കുമോ?

**<u>ലൈഫ് ഭവന പദ്ധതി</u>**

1649 **ഡോ. ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന പദ്ധതികളുടെ പ്രധാന ഗുണഭോക്താക്കളായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും ലൈഫ് ഭവന പദ്ധതിയിൽ ആവശ്യമായ പരിഗണന ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്കായി പ്രത്യേക ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകളുടെ ഭവന പദ്ധതി ഫണ്ടുകൾ സംയോജിപ്പിച്ച് നടപ്പാക്കുന്ന ലൈഫ് പദ്ധതിക്ക് ആവശ്യമായ വേഗത

കൈവരിക്കുന്നില്ലെന്ന വിമർശനം നിലവിലുണ്ടോ; അറിയിക്കുമോ?

## ലൈഫ് മിഷൻ

1650 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ലൈഫ് മിഷന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 2021 മുതൽ 26 വരെ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വെമ്പായം, കരകുളം ,മാണിക്കൽ , പോത്തൻകോട് ,അണ്ടൂർക്കോണം എന്നീ ഗ്രാമപഞ്ചായത്തുകളിലും നെടുമങ്ങാട് നഗരസഭയിലുമായി എത്രവീതം വീടുകളുടെ നിർമ്മാണം ലൈഫ് മിഷൻ വഴി പൂർത്തിയായിട്ടുണ്ടെന്ന് പട്ടിക തിരിച്ച വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റിയുമായി എത്രവീതം ഭവനങ്ങളുടെ നിർമ്മാണം നിലവിൽ ലൈഫ് മിഷന് കീഴിൽ പുരോഗമിക്കുന്നുണ്ടെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഡി) ലൈഫ് മിഷന് കീഴിൽ ഒന്നാം ഗഡു ലഭ്യമാക്കി വീട് നിർമ്മാണം തുടങ്ങിയ ഗുണഭോക്താക്കൾക്ക് രണ്ടും മൂന്നും ഗഡുക്കളായി തുകകൾ നൽകാനുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തുകകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

## കുടുംബശ്രീ മിഷൻ

1651 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷനിൽ എത്ര കരാർ ജീവനക്കാർ ഉണ്ട് എന്ന് വ്യക്തമാക്കാമോ; ഇവരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) കുടുംബശ്രീ മിഷനിൽ കരാർ കാലാവധി കഴിഞ്ഞ ജീവനക്കാരുടെ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; കരാർ

കാലാവധി അവസാനിച്ച ആകെ എത്ര ജീവനക്കാരാണ് നിലവിൽ ഓരോ ജില്ലയിലും സ്റ്റേറ്റ് മിഷനിലും ഉള്ളത് എന്ന് വ്യക്തമാക്കാമോ?

(സി) കുടുംബശ്രീ മിഷനിൽ 2016-ന് മുമ്പ് നിയമിക്കപ്പെട്ട എത്ര കരാർ ജീവനക്കാർ 2016-25 കാലഘട്ടത്തിൽ തുടരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

**കുടുംബശ്രീ 2.0 പദ്ധതി**

1652 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിജീവനത്തിൽ നിന്ന് അഭിവൃദ്ധിയിലേക്ക് എന്ന ലക്ഷ്യമിട്ട് കുടുംബശ്രീ 2.0 നടപ്പിലാക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം വിഭാഗങ്ങളെ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

**തെരുവ് നായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിന് ശാശ്വതമായ പരിഹാരമാർഗ്ഗം**

1653 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് നിയന്ത്രിക്കുന്നതിന് ശാശ്വതമായ പരിഹാരമാർഗ്ഗങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്നിയന്ത്രിക്കുന്നതിന് പരിഹാരം കാണുമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് തെരുവോരങ്ങളിൽ വർദ്ധിച്ചുവരുന്ന ഭക്ഷണശാലകൾ അലക്ഷ്യമായി തള്ളുന്ന ഭക്ഷണാവശിഷ്ടങ്ങൾമൂലം തെരുവ് നായ്ക്കളുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവിനു കാരണമാകുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഭാരതപ്പുഴയിലേക്ക് മാലിന്യം ഒഴുക്കിവിടുന്നവർക്കെതിരെ നടപടി**

1654 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മുനിസിപ്പൽ പ്രദേശത്ത് ഭാരതപ്പുഴയിലേക്കു മാലിന്യം ഒഴുക്കിവിട്ട് പുഴയെ മലിനപ്പെടുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യം ഒഴുക്കിവിട്ടതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷത്തിൽ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും ആർക്കൊക്കെ പിഴ ചുമത്തിയിട്ടുണ്ടെന്നും ഓരോരുത്തർക്കും എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്നും വർഷം തിരിച്ചു അറിയിക്കാമോ;

(സി) സ്ഥിരമായി മാലിന്യം ഒഴുക്കിവിടുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികളും പരിഹാര നടപടികളും അറിയിക്കാമോ?

**മാലിന്യ നിർമ്മാർജ്ജനം**

1655 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം യഥാസമയം നിർവ്വഹിക്കാത്തതിനാൽ പകർച്ച വ്യാധികൾ പിടിപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) മാലിന്യ നിർമ്മാർജ്ജനത്തിനായി ഈ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**മാലിന്യസംസ്കരണ പദ്ധതികൾ**

1656 **ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. പി .എം. എ. സമീർ**
**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. എ. കെ. എം. അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഖരമാലിന്യ നിർമാർജ്ജന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>ശുചീകരണ പ്രവർത്തനങ്ങൾ</u>

1657 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. കെ. ഫിറോസ്**

**പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) മാലിന്യങ്ങൾ യഥാസമയം മാറ്റുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മാലിന്യ സംസ്കരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ</u>

1658 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കർമ്മ സേന വീടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്തിക്കേണ്ടത് എവിടെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വീടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) വീടുകളിൽ നിന്ന് ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ജനവാസ കേന്ദ്രങ്ങളിലും വഴിവക്കുകളിലും നിക്ഷേപിക്കുന്നത് നിയമവിധേയമാണോ അല്ലെങ്കിൽ അത്തരം പ്രവൃത്തികൾ കണ്ടെത്തിയാൽ അവർക്കെതിരെ സ്വീകരിക്കാവുന്ന നിയമ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഹരിത കർമ്മ സേന മാസംതോറും കൃത്യമായി വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യാത്ത സാഹചര്യങ്ങളിൽ സേവനം ലഭിക്കാത്ത മുൻ മാസങ്ങളിലെ യൂസർ ഫീ നൽകാൻ വീട്ടുടമസ്ഥൻ ബാധ്യസ്ഥനാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) വീടുകളിൽ നിന്ന് മാസംതോറും കൃത്യമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തില്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; മാലിന്യം നീക്കം ചെയ്യാത്ത ഹരിത കർമ്മ സേനക്കെതിരെ സ്വീകരിക്കുന്ന നടപടിയും വ്യക്തമാക്കാമോ?

## ശ്മശാന നിർമ്മാണം

1659 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് മുനിസിപ്പാലിറ്റിയിൽ പൊതുശ്മശാന നിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപയുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത ശ്മശാന നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകും?

## തലശ്ശേരി മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നിലവാരം

1660 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് വേണ്ടി ഭരണാനുമതി ലഭിച്ചവയിൽ ഇതുവരെയും

പൂർത്തീകരിക്കാത്ത റോഡുകൾ ഏതൊക്കെയാണെന്നും ആയത് പൂർത്തിയാക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

**മേരിഗിരി- രക്കാണ്ടി പോത്ത്ചാടി റോഡ് പ്രവൃത്തി**

1661 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ മേരിഗിരി-രക്കാണ്ടി പോത്ത്ചാടി റോഡ് നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് പുനരുദ്ധാരണ പദ്ധതി**

1662 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**നിലമ്പൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുള്ള തസ്തികകളിലേക്കുള്ള നിയമനം**

1663 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോത്തുകൽ ഗ്രാമപഞ്ചായത്തിലെ രണ്ട് എൽ.ഡി. ക്ലർക്ക് തസ്തികകളിലും എടക്കര ഗ്രാമപഞ്ചായത്തിലെ രണ്ട് ഓവർസിയർ തസ്തികകളിലും വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ജൂനിയർ ക്ലർക്ക്, ജെ.എസ്. തസ്തികകളിലും മൂത്തേടം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലും അമരമ്പലം ഗ്രാമപഞ്ചായത്തിലെ

അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ തസ്തികകളിലും നിലവിലുള്ള ഒഴിവുകൾ നികത്തി അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി**

1664 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ് കാരണം പൊതുജനങ്ങൾക്ക് ലഭ്യമാവേണ്ട സേവനങ്ങൾക്കും വികസന പദ്ധതികൾക്കും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ്, പാനൂർ നഗരസഭകളിലും കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ തുടങ്ങിയ പഞ്ചായത്തുകളിലും എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉൾപ്പെടെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗതലത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

1665 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയമസഭാ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥതലത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക്-പഞ്ചായത്തുകൾ എന്നിവയിലെ സ്ഥിരം തസ്തികയിലെ ഒഴിവുകൾ**

1666 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക്-പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, നഗരസഭകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ നിലവിൽ ഒഴിവുള്ള സ്ഥിരം തസ്തികകളുടെ എണ്ണം എത്രയാണ്; തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## പാറശ്ശാല നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

1667 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ എം.എൽ.എ.-എ.ഡി.എസ്.(MLA - ADS), എസ്.ഡി.എഫ്.(SDF), സംസ്ഥാന ബജറ്റ് ഫണ്ട്, നബാർഡ് (NABARD) ഫണ്ട്, ഫ്ലഡ് ഫണ്ട് (Flood Fund) എന്നിവ വിനിയോഗിച്ച് നിലവിൽ നടന്നു വരുന്ന വികസന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ ഭൗതിക-സാമ്പത്തിക പുരോഗതി എന്താണെന്നും ഈ പ്രവൃത്തികൾ എന്നേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് എന്നും പ്രവൃത്തി തിരിച്ച് വിശദമാക്കാമോ;

(സി) ടി മണ്ഡലത്തിൽ 2024 ജനുവരി മുതൽ നാളിതുവരെ പി.എം.ജി.എസ്.വൈ. (PMGSY), സൻസദ് ആദർശ് ഗ്രാം യോജന (SAGY) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പി.എം.ജി.എസ്.വൈ., സൻസദ് ആദർശ് ഗ്രാം യോജന പദ്ധതികളുടെ തൽസ്ഥിതി എന്താണെന്നും ഇവയുടെ കൃത്യമായ പുരോഗതി വിവരവും ലഭ്യമാക്കാമോ?

## സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി എറണാകുളം നഗരത്തിൽ സ്ഥാപിച്ച ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ

1668 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി എറണാകുളം നഗരത്തിൽ എവിടെയെല്ലാം ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ/സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ക്രമ നമ്പർ, സ്ഥലം, സിഗ്നൽ തരം, സ്ഥാപിച്ച വർഷം, സ്ഥാപിച്ച ഏജൻസി, പദ്ധതി ചെലവ്, പ്രവർത്തന നില

(പ്രവർത്തനക്ഷമം/പ്രവർത്തനരഹിതം), അറ്റകുറ്റപ്പണിക്കും പരിപാലനത്തിനും എ.എം.സി. ഉണ്ട്/ഇല്ല, എ.എം.സി. കമ്പനി, എ.എം.സി. തുക എന്നീ വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രവർത്തനരഹിതമായ സിഗ്നൽ സംവിധാനങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി സർക്കാർ/സ്മാർട്ട് സിറ്റി മിഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും എപ്പോൾ പൂർത്തികരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; പ്രവർത്തിക്കാത്ത സിഗ്നൽ ലൈറ്റുകൾ പ്രവർത്തനക്ഷമം ആക്കുന്നതിനു എത്ര രൂപ ചെലവ് വരുമെന്നും അറിയിക്കാമോ?

## തിരുവനന്തപുരത്തെ മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം

1669 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിക്കായി 2016 - 2025 കാലഘട്ടത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും എത്ര തുക വീതം അനുവദിച്ചുവെന്നും അതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കാമോ;

(സി) സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 2021- 2026 കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ മൾട്ടിലെവൽ പാർക്കിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിന് സമീപമുള്ള മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിനായി എത്ര തുക ചെലവഴിച്ചു എന്നും നിർവഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പാർക്കിംഗ് സംവിധാനം പൂർണമായും പ്രവർത്തനക്ഷമമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

## തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

1670 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന മാനന്തവാടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>സ്വാതന്ത്ര്യസമര സ്മൃതി പാർക്കിന് വേണ്ടി ഭൂമി വാങ്ങൽ</u>**

1671 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കല്ലിംഗൽ പ്രദേശത്ത് സ്വാതന്ത്ര്യസമര പാർക്ക് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ പേരിൽ ഭൂമി വാങ്ങുന്നതിന് 2023–24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആദ്യഘട്ടമായി അഞ്ച് കോടി രൂപ അനുവദിച്ചിരുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി വാങ്ങിയ തീയതി, ആധാര നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം മുൻസിപ്പാലിറ്റിയ്ക്ക് വസ്തു നൽകിയ ഭൂഉടമയ്ക്ക് ഇതുവരെ ഭൂമിയുടെ വില ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പ്രോജക്റ്റിന് രണ്ടാംഘട്ടമായി നെടുമങ്ങാട് മുനിസിപ്പാലിറ്റി പേരിൽ ഭൂമി വാങ്ങുന്നതിന് 2024-2025 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അഞ്ചു കോടി രൂപ വകയിരുത്തിയിരുന്നതിന് ഭരണാനുമതി നൽകിയോ; ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**<u>കില നടത്തുന്ന കോഴ്സുകൾ</u>**

1672 **ഡോ. ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) ബിരുദ, ബിരുദാനന്തര കോഴ്സുകൾ നടത്തുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഒരു വർഷം എത്ര പേർക്കാണ് പ്രവേശനം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഓരോ ബാച്ചിലും എത്ര

പേർക്ക് വീതം പ്രവേശനം നൽകിയിട്ടുണ്ടെന്നും അവരിൽ കോഴ്സ് പൂർത്തിയാക്കിയവരുടെ എണ്ണം എത്രയാണെന്നും അറിയിക്കാമോ; പ്രസ്തുത കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർക്കാർ-സ്വകാര്യ മേഖലയിലെ തൊഴിൽ സാധ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; കോഴ്സ് പൂർത്തിയാക്കിയവർക്ക് പ്ലേസ്മെന്റ് സൗകര്യമുണ്ടോയെന്നും അറിയിക്കാമോ;

(സി) കുറഞ്ഞ തൊഴിൽസാധ്യതയും ആകർഷകമല്ലാത്തതുമായ കോഴ്സുകൾക്ക് പകരം തൊഴിൽസാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കോഴ്സുകൾ നടത്തുന്നതിന് കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## <u>കിലയുടെ പ്രവർത്തനങ്ങൾ</u>

1673 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിനും കിലയുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പുതിയ വികസന നയങ്ങളും പരിസ്ഥിതി നയങ്ങളും പ്രാവർത്തികമാക്കാൻ കില മുഖേനയുള്ള പരിശീലന പരിപാടികൾ വികസിപ്പിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിനായി കിലയുടെ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുമോ?

## <u>ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ /വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാർ</u>

1674 **ഡോ. ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വികസന പരിശീലന കേന്ദ്രങ്ങളിൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ലക്ചറർമാരായി നിയമിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) 17/01/1967ലെ സർക്കാർ ഉത്തരവ് നം. 7 /1967 (G.O(P)No.7 dtd.17/01/1967 of Public(Rules) Department) വിശേഷാൽചട്ടപ്രകാരം വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാർക്ക് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിലേക്ക് മാറ്റം അനുവദിച്ചിരുന്നോ; ലക്ചറർമാർക്ക് പ്രൊമോഷൻ അനുവദിച്ചിരുന്നോ; വിശദാംശം നൽകുമോ;

(സി) സർക്കാർ ജീവനക്കാരായ വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാരെ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രസ്തുത ജീവനക്കാരോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയും വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തികയും മ്യൂച്ചൽ ട്രാൻസ്ഫർ സാധ്യമാകുന്ന തസ്തികകളാക്കുന്നതിനു അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**<u>തരൂർ നിയോജകമണ്ഡലം വികസനം</u>**

1675 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ ചുണ്ടക്കാട് കുംഭാരതറ റോഡ് നവീകരണത്തിനും മൂന്ന് അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി അനുവദിച്ച രണ്ട് കോടി രൂപയുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>ലൈഫ് ഭവന പദ്ധതി</u>**

1676 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2026 സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി വഴി ഇതുവരെ എത്ര ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ച നൽകിയെന്നും ഇതിനായി സർക്കാർ ആകെ ചെലവഴിച്ച തുക എത്രയെന്നും വർഷം തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ലൈഫ് ഭവന പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി യഥാക്രമം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത-ഭവനരഹിതർ എന്നിങ്ങനെ തരംതിരിച്ച് ഓരോ വിഭാഗത്തിലും ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുൻ സർക്കാർ നിർമ്മാണം ആരംഭിച്ച ഭവനസമുച്ചയങ്ങളുടെ വിവരങ്ങളും അവയിൽ പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയവയുടെയും നിർമ്മാണം പുരോഗമിക്കുന്നവയുടെയും വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതികളുമായി സംയോജിപ്പിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വിനിയോഗിച്ചും മുൻ സർക്കാർ ലൈഫ് മിഷൻ വിജയകരമായി മുന്നോട്ടുകൊണ്ടുപോയതിന്റെ ഭരണപരമായ വിശദാംശങ്ങളും തുകയുടെ വിനിയോഗവും വ്യക്തമാക്കാമോ;

(ഇ) ലൈഫ് പദ്ധതിയുടെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, അതിദാരിദ്ര്യ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകി മുൻ സർക്കാർ നടപ്പിലാക്കിയ ഭവനനിർമാണങ്ങളുടെ വിശദാംശങ്ങളും അതിനായി ഓരോ വിഭാഗത്തിനും അനുവദിച്ച ആകെ തുകയും വ്യക്തമാക്കാമോ?

**<u>ലൈഫ് മിഷൻ പദ്ധതി</u>**

1677 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവന രഹിതരും ആയ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്ക് നഗരസഭകളിൽ ഭൂമിയും ഭവനവും ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ നഗരസഭകളിലാണ് പദ്ധതി നടപ്പിലാക്കാത്തതെന്ന് വിശദമാക്കാമോ;

(ബി) ചെങ്ങന്നൂർ നഗരസഭയിൽ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്; ഇതിൽ എത്രപേർക്ക് ഭൂമിയും ഭവനവും അനുവദിച്ചു; ഇവിടെ ഭൂമിയും ഭവനവും അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ചെങ്ങന്നൂർ നഗരസഭയിൽ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ?

**<u>പി.എം.ജി.എസ്.വൈ., ലൈഫ് പദ്ധതികളുടെ നിലവിലെ സ്ഥിതി</u>**

1678 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം നിലവിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു; നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്ന വീടുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 23, ചൊവ്വ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം

വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].